


# ഉള്ളടക്കം


അവസാനത്തെ സമ്മാനം ... 1
പനിക്കാലം ... 3
വെളിച്ചം ... 5
തിരിച്ചു കിട്ടാത്തത് ... 6
മോഹം ...അന്നും.... ഇന്നും... ... 7
ദിവ്യസ്വപ്നം ... 8
അറിയുന്നു ഞാൻ നിൻവേദനകൾ ... 10
ഭക്ഷണമാണ് വേണ്ടത് പുകയിലയല്ല ... 11
ആസ്വാദനക്കുറിപ്പ് ... 13
ഉറുമ്പും മീനും ... 15
ഉറക്കമില്ലാരാത്രികൾ ... 16
ഇരുട്ട് ... 18
മിഠായി ... 19
മനഃസാക്ഷിയുടെ പൊരുൾ തേടി ... 20
ഈ ലോകം ഇതെങ്ങോട്ട് ? ... 22
പ്രകൃതി ... 23
WAITING AT THE WINDOW ... 25
പിഞ്ചരിക ... 26
वापस ... 27
ഇടം ... 28
സാങ്കേതികതയുടെ പുതിയ തുറകൾ–'ഇ' വരവ് 'നൃത്ത'ത്തിൽ ... 29
എന്നെ കാണാതായ കഥ ... 33
MUCH AWAITED FRIEND ... 34
അമ്മയുടെചൊല്ലുകൾ ... 35
*നേർവഴി* ... 39
തിരിച്ചറിവ് ... 40
അഡിക്റ്റഡ് ... 41
Fire ... 42




# ജി എച്ച് എസ് എസ് കുട്ടമത്ത്

## ഡിജിറ്റൽ മാഗസിൻ
## 2023-24

# സർഗ്ഗവേദി

# അവസാനത്തെ സമ്മാനം

അമേരിക്കയിലെ ഹോസ്റ്റൽ റൂമിൽ നിന്ന് മോചിതനായാണ് സഹൽ തൻ്റെ അമ്മ വീടായ മോഹ്താലിലേക്ക് എത്തിയത്.17 വയസ്സായ സഹൽ പഠിത്തത്തിലും കായിക മേഖലയിലും മാത്രമാണ് മികവ് കാണിച്ചത്. തൻ്റെ മാതാപിതാക്കളുടെ തിരക്കേറിയ ജീവിതത്തിൽ നിന്ന് വാൽ സ്വയമേ മാറി നിന്നതാണ്. മോഹ്താലിൽ തൻ്റെ മുത്തശ്ശിയുടെ സ്നേഹവും സുഹൃത്തുക്കളുടെ സ്നേഹവും കൂടി അവനെ അവനാക്കി മാറ്റി.കൂട്ടുകാരുടെ കൂടെ അവൻ കായിക മേഖലയിൽ തൻ്റെ കഴിവ് വർദ്ധിപ്പിച്ചു. ഒരു ദിവസം തൻറെ പ്രകടനത്തിനിടയിൽ കാലിനടിയിൽ ഉണ്ടായിരുന്ന ബോൾ തന്നോട് അനുവാദം ചോദിക്കുന്ന എന്ന ഭാവത്തിൽ ഒന്ന് ചെരിഞ്ഞ് അതിൽ അവൻ സ്പർശിച്ചപ്പോൾ അടുത്തുള്ള വീടിൻറെ ജനൽ പഴിയിലൂടെ അകത്തേക്ക് കടന്നു.സാഹിൽ തന്നെ ബോൾ തിരിച്ചു വാങ്ങിക്കാൻ അകത്തേക്ക് ചെന്നു. അവൻ്റെ കണ്ണുകളെ അവന് വിശ്വസിക്കാൻ പറ്റിയില്ല. അവിടെ ഉണ്ടായിരുന്നത് സന ആയിരുന്നു. ഒരു അപ്രതീക്ഷിത സാഹചര്യത്തിൽ തൻ്റെ വലതുകാൽ അവൾക്ക് നഷ്ടപ്പെട്ടു.ഒന്നെണീട്ട് നടക്കുവാൻ, തൻ്റെ കൂട്ടുകാരുടെ കൂടെ കളിക്കുവാൻ കഴിയാതെ ഒരു ഇരുട്ടുമുറിയിൽ അവൾ തനിച്ചാണ്. ആ ബോൾ എടുത്ത് അവൾ പ്രതീക്ഷയോടെ അതിനെ നോക്കുന്നത് കണ്ട സാഹിലിന് അവളോട് സ്നേഹവും സഹതാപവും തോന്നുന്നു. അവൻ അവളുടെ അടുത്തേക്ക് പോയി. അവൾ അവനെ നോക്കി ഒരു ചെറുപുഞ്ചിരി നൽകി. അവനും തിരിച്ച്.അവൻ അവളോട് അവളെ പറ്റി ചോദിച്ചു. തൻ്റെ പേര് സനയാണ് എന്നും അവളുടെ പപ്പ ഈ നാട്ടിലെ പ്രമുഖനായ ഒരു വ്യാപാരി ആണെന്നും പറയുന്നു.അങ്ങനെ അങ്ങനെ അവർ തമ്മിൽ ഒരുപാട് നേരം സംസാരിച്ച് ഇരിക്കുന്നു. സാഹിലിന് അവളുടെ ആഗ്രഹങ്ങളും മോഹങ്ങളും മനസ്സിലാകുന്നു. അവളോട് തന്റെ കൂടെ ഒരു സ്ഥലം വരെ വരുന്നോ എന്ന് അവൻ ചോദിക്കുന്നു. അവനിൽ പൂർണ്ണ വിശ്വാസം നിറഞ്ഞ അവൾ അവനോട് സമ്മതം പറയുന്നു. അവർ രണ്ടുപേരും അവളുടെ വീൽചെയറുമായി മിൻസോഹോ കുന്നിൻ്റെ മുകളിൽ പോകുന്നു. അവൾ വർഷങ്ങൾക്കുശേഷമാണ് പുറത്തേക്ക് പോകുന്നത്. തൻറെ പിതാവ് തിരക്കേറിയ ഒരു വ്യാപാരിയാണ്.തന്നെയൊന്ന് പുറത്തേക്ക് കൊണ്ടു പോകാൻ അദ്ദേഹത്തിന് സമയമില്ല. സാഹിലിന്റെ കൂടെ നിൽക്കുമ്പോൾ അവൾക്ക് സന്തോഷവും സുരക്ഷിതത്വവും അനുഭവപ്പെടുന്നു.സാഹിലിനും അതുതന്നെയാണ് തോന്നുന്നത്. തന്റെ മാതാപിതാക്കൾ തന്നെ ശ്രദ്ധിക്കാറില്ല. അവരുടെ ജോലിയുമായി ബന്ധപ്പെട്ട തിരക്കുകൾക്കിടയിൽ

അവനെ അവർക്ക് ശ്രദ്ധിക്കുവാൻ സാധിച്ചില്ല. പിന്നെ അവൻ്റെ ആകെ ആശ്വാസം അവൻ്റെ മുത്തശ്ശിയാണ്. സാഹിലും സനയും അവരുടെ ജീവിതകഥകൾ പരസ്പരം കൈമാറുകയാണ്. അന്നത്തെ സായാഹ്നം അവർ രണ്ടുപേരും അവിടെ ചിലവഴിച്ചു. ഇത് ദിവസവും ആവർത്തിച്ചു. സനയും സാഹിലും പിരിയാൻ പറ്റാത്ത വിധത്തിലുള്ള സൗഹൃദബന്ധം ഉണ്ടാക്കി. തൻ്റെ നല്ലൊരു സഖിയായി സന അവന് മാറിക്കഴിഞ്ഞു. അവർ മിൻസാഹോ ഗ്രാമം മൊത്തം ചുറ്റിയടിച്ചു നടന്നു. ഇടയിൽ അവൻ എന്തോ തന്നിൽ നിന്ന് ഒളിക്കുന്നതായി അവൾക്ക് അനുഭവപ്പെട്ടു. പക്ഷേ തന്നെ ഇത്രയും അധികം സ്നേഹിക്കുന്ന സാഹിൽ തന്നിൽ നിന്ന് ഒന്നും ഒളിക്കില്ല എന്ന് അവൾക്ക് തോന്നി. ദിവസങ്ങൾ കടന്നുപോയി.മൂന്നാം മാസം ആവാൻ പോകുന്നു. സാഹിലും സനയും തങ്ങളുടെ സന്തോഷകരമായ നിമിഷങ്ങൾ ആഘോഷിക്കുകയാണ്.അപ്പോഴും അവനെന്തോ അവളിൽ നിന്ന് ഒളിക്കുന്നു. സാഹിലിന്റെ അവധിക്കാലം കഴിയാൻ പോവുകയാണ്. അവന് ഇനി അമേരിക്കയിലേക്ക് തിരിച്ചു പോകണം. സനയ്ക്ക് അവനെ പിരിയാൻ സാധിക്കുന്നില്ല, സാഹിലിന് തിരിച്ചും.ചെന്നെത്താൻ കഴിയുന്ന ദൂരത്താണെങ്കിൽ അവൻ വന്നേനെ അവളുടെ ചെറു ചിരി കാണാൻ. ഇതങ്ങനെയല്ലല്ലോ. ആ ദിനം വന്നു. അവൻ അവളോട് യാത്ര പറയുകയാണ്. അപ്പോഴും അവൻ അവളിൽ നിന്ന് അത് മറച്ചിരുന്നു. അവൾ അവനോട് എന്താണത് എന്ന് ചോദിച്ചു. തന്റെ കയ്യിൽ ഉണ്ടായ ഒരു കവറും ഒരു കത്തും അവൾക്ക് നൽകി. അവളെ ഒന്ന് നോക്കി കണ്ണിൽ നിന്ന് രണ്ടുതുള്ളി കണ്ണുനീർ വീഴ്ത്തി, അവൻ യാത്ര പറഞ്ഞു ഓടിപ്പോയി. അവളാ കവർ തുറന്നു നോക്കി. അവൾ അവൻ പോയ വഴിയിലേക്ക് നോക്കി കരഞ്ഞുകൊണ്ടിരുന്നു. തൻ്റെ ഏറ്റവും വലിയ സ്വപ്നമായ കാലുകൾ അവൾക്ക് കിട്ടാൻ പോവുകയാണ്.സാഹിലിന്റെ പിതാവ് അമേരിക്കയിലെ ഒരു വലിയ ആശുപത്രിയിലെ വൈദ്യനാണ്. അദ്ദേഹത്തിൻ്റെ ഉത്തരവ് പ്രകാരം അവൾക്ക് വെപ്പുകാൽ കിട്ടാൻ പോവുകയാണ്. എല്ലാം തൻ്റെ ഉറ്റ സുഹൃത്തായ സാഹിൽ കാരണം. അവൾ സാഹിൽ കൊടുത്ത കത്ത് പൊട്ടിച്ച് വായിച്ചു. അടുത്ത പ്രാവശ്യം താൻ വരുമ്പോൾ നമുക്ക് ഒരുമിച്ച് മിൻസാഹോ മല ഓടിക്കേറണം എന്ന് അവൻ പറയുന്നു. തൻ്റെ കൂട്ടുകാരൻ്റെ അവസാനത്തെ സമ്മാനവുമായി അവൾ അവനുവേണ്ടി.........

അനശ്വര.എ
10-E

# പനിക്കാലം

തണുത്തുറഞ്ഞ രാത്രികളിൽ
പനിച്ച് വിറച്ച്
കമ്പിളി പുതപ്പിൻ
ഇത്തിരി ചൂടേറ്റ്
ഏകനാ(യാ)യി
കിടന്നിട്ടുണ്ടോ...!

മഞ്ഞിൻ നേർത്ത
പാളികൾ നീക്കി
ചില രൂപങ്ങൾ
അവ്യക്തമായ്
തേടി വരുന്നത്
കാണാറുണ്ടോ...!

ചിലപ്പോൾ
ചുടുനിശ്വാസമായും
ഇടയ്ക്കൊക്കെ
നനുത്ത സ്പർശമായും
നമ്മെ വല്ലാതെ
കീഴ്പ്പെടുത്തുന്നതായ്
തോന്നിയിട്ടുണ്ടോ...!

ഒറ്റയാവുന്ന
നേരങ്ങളിൽ
കണ്ണിൽ നിന്നൂറും

ചുട്ട ബാഷ്പങ്ങളിൽ
ആരൊക്കെയോ
ഇറങ്ങിയകലുന്നതായി
അറിഞ്ഞിട്ടുണ്ടോ..!

ഒടുവിലെപ്പോഴോ
കമ്പിളി പുതപ്പിൻ
ചുട്ട മറനീക്കി
പുലരി തൻ
നനുനനുപ്പിലേക്ക്
ഇറങ്ങിയുണരുമ്പോൾ
അകന്നുപോം
പനിക്കാലത്തെ
ഭ്രാന്തമായ്
വിരഹാർദ്രമായ്
ഓർത്തെടുത്തിട്ടുണ്ടോ...!

._ഈശ്വരൻ. കെ. എം

# വെളിച്ചം

ഒരിക്കൽ പകൽ രാത്രിയോട് ചോദിച്ചു. സഹോദരാ... നിന്റെ നിറം എന്തുകൊണ്ട് ഇത്ര ഇരുണ്ടതായത്?. അപ്പോൾ രാത്രി പറഞ്ഞു, പകൽ മുഴുവൻ മനുഷ്യർ തുപ്പുന്ന വിഷമാണ് എനിക്ക് കറുപ്പ് നിറം തന്നത്.

രാത്രി പകലിനോട് ഇതേ ചോദ്യം ചോദിച്ചു. സഹോദരാ... നിന്റെ നിറം എന്താ ഇത്ര വെളുത്തതായത്?. അപ്പോൾ പകൽ പറഞ്ഞു, സഹോദരാ.. മനുഷ്യന്റെ വിഷം നിന്നിൽ നിറയുമ്പോൾ നിന്റെ കണ്ണിൽ നിന്നും വീഴുന്ന അശ്രുധാരയുടെ വെളിച്ചമാണ് എന്നിൽ നിറഞ്ഞു നിൽക്കുന്നത്. ഇതുകേട്ട് രാത്രിക്ക വളരെ സന്തോഷമായി.....

GOWRINANTHA

10F




# തിരിച്ചു കിട്ടാത്തത്

ഓർമ്മകൾ വേരോട്ടുമോ... മുറ്റത്തെ,
പാറിനടക്കുന്ന കരിയിലകൾക്കും
എന്തോ.. പറയുവാൻ തോന്നുമോ..
കാറ്റിനും.. തളിർ മാഞ്ചില്ലകൾക്കും
എൻ പാദപതനം കേട്ടതെ..
ആത്മ പുളകിതരാവുന്നുവോ..

------------------------

ഓർമകൾ, ഇതൾവീണ
ഇടനാഴിയിൽ
നിശ്വാസമോടെന്നെ എതിരേറ്റുവോ.......
എന്തിനോ വേണ്ടി പരത്തിനടക്കുന്ന
കണ്ണുകളിൽ... പ്രതീക്ഷയുടെ
ഇളം തെന്നൽ തലോടുന്നുവോ.....

------------------------

ഓർമകൾ പറയാതെ പോകുന്ന കാലവും
വേദനയുടെ ഇരുണ്ട ഇടനാഴികളും....
ഇനിയും തിരിച്ചു കിട്ടാതെ
വിങ്ങലായി.... മനസ്സിന്റെ ഓർമകൾ മാത്രമായി തീരുന്നുവോ.....

USHA
KUTTAMATH

# മോഹം ...അന്നും..... ഇന്നും...

മാനത്ത് വിരിയുന്ന തിങ്കൾക്കലയെ
കൈയ്യിലെടുക്കാൻ മോഹം....
അമ്മതൻ ഒക്കത്തിരുന്നു കരഞ്ഞിട്ടും
വെണ്ണിലാക്കിണ്ണത്തെകിട്ടിയില്
നിലാവിൻ വെളിച്ചത്തു മുന്നിലോടുന്നയെൻ
നിഴൽ പിടിക്കാനായ് ഏറെ കൊതിച്ചു ഞാൻ..
പതിയെ വളർന്നു ഞാൻ അമ്പിളിമാമൻ്റെ
ബന്ധുക്കളാരൊക്കെയെന്നറിഞ്ഞു...
വായുവും വെള്ളവുമില്ല പോലും
കല്ലും മണലും കൂരിരുട്ടും...
എങ്കിലും....
കൗതുകമുണ്ടേറെയിപ്പോഴുമെന്നിൽ
അമ്പിളിമാമനെയൊന്നു തൊടാൻ...

Goutham 10 A

# ദിവ്യസ്വപ്നം

ഒരിടത്ത് ഗോപു എന്ന് പറയുന്ന ഒരു കുട്ടി ഉണ്ടായിരുന്നു. അവൻ തന്റെ അമ്മൂമ്മയെ വളരെയധികം ഇഷ്ടമായിരുന്നു. ഒരിക്കൽ അവന്റെ അമ്മൂമ്മ അവൻ ഒരു കഥ പറഞ്ഞു കൊടുത്തു "സ്വർഗ്ഗത്തിന്റെ മായാത്ഭുത കഥ". ഗോപു വളരെ വൃകൃതിയായിരുന്നു. അവൻ ഈ കേട്ടുകഥകളിൽ ഒന്നും വിശ്വാസമുണ്ടായിരുന്നില്ല. ഒരിക്കൽ ഗോപു ഒരു സ്വപ്നം കണ്ടു ഒരു ദേവൻ അവന്റെ സ്വപ്നത്തിൽ വന്നു പറഞ്ഞു "ഗോപു നീ വളരെ കുസൃതിയാണ്, നിനക്ക് ഞാൻ ഒരു വരം തരാം ഒരു മാന്ത്രിക കുടം. നീ എത്ര നന്മ ചെയ്യുന്നോ അത്രയും സ്വർണ്ണ നാണയങ്ങൾ അതിൽ പ്രത്യക്ഷപെടും, മറിച് നീ തിന്മകൾ ചെയ്യുകയാണെങ്കിൽ സ്വർണ്ണ നാണയങ്ങൾക്ക് പകരം കല്ലുകൾ പ്രത്യക്ഷപെടും. എന്നാണോ ആ കുടം നിറയെ സ്വർണ്ണ നാണയം ആകുക അന്ന് നിന്നെ ഞാൻ സ്വർഗ്ഗത്തിന്റെ അധ്ഭുത വിരുന്നിലേക്ക് നയിക്കും". ഗോപു രാവിലെ എഴുന്നേറ്റപ്പോഴാണ് അവൻ ആ കാഴ്ച കണ്ടത് 'ഒരു കുടം'. താൻ സ്വപ്നത്തിൽ കണ്ടതുപോലൊരു കുടം. കെട്ടുകഥകളിൽ വിശ്വസിക്കാത്ത ഗോപു സ്വർഗ്ഗത്തിന്റെ മായാസൗന്ദര്യം കാണാൻ ആഗ്രഹിച്ചു. അങ്ങനെ അവൻ പുറത്തേക്ക് പോയി. ഒരു പാവം കുട്ടി കുളത്തിൽ വീണു മുങ്ങിക്കൊണ്ടിരിക്കുന്നു. ഗോപു ഒന്നും തന്നെ ആലോചിക്കാതെ കുളത്തിൽ ഇറങ്ങി ആ കുട്ടിയെ രക്ഷപ്പെടുത്തി. പിന്നീട് ഗോപു വീട്ടിലേക്ക് മടങ്ങി. അവൻ ഒട്ടും പ്രതീക്ഷിക്കാതെയാണ് ആ കുടത്തിൽ ഒരു സ്വർണ്ണനാണയം പ്രത്യക്ഷപെട്ടത്. ഗോപുവിന് മനസ്സിലായി താൻ കണ്ട സ്വപ്നം സത്യമാണെന്ന്. അങ്ങനെ ഗോപു എല്ലാവർക്കും നന്മ ചെയ്യുവാൻ തുടങ്ങി. കുസൃതിയായി എല്ലാവരെയും ഉപദ്രവിച്ച അവൻ എല്ലാവരെയും സ്നേഹിക്കാൻ തുടങ്ങി. അങ്ങനെ അവന്റെ കുടത്തിൽ നിറയെ സ്വർണ്ണ നാണയങ്ങളായി. ഇനി ഒന്നുകൂടി കിട്ടിയാൽ ആ കുടം നിറയും. അവൻ ആ കുടവുമെടുത്ത് പുറത്തിറങ്ങി. പെട്ടന്നാണ് ഒരു സന്യാസി വിഷമിച്ചിരിക്കുന്നത് കണ്ടത്. ഗോപു സന്യാസിയോട് കാര്യം ചോദിച്ചു. സന്യാസി പറഞ്ഞത് കേട്ട് ഗോപു അത്ഭുതപെട്ടു. ഗോപു കണ്ടത് പോലെ സ്വപ്നം സന്യാസിക്കും കണ്ടത്രെ, പക്ഷെ സന്യാസിയുടെ എല്ലാ സ്വർണ്ണ നാണയങ്ങളും നഷ്ട്ടപെട്ടു. വിശാല ഹൃദയനായ ഗോപു തന്റെ സ്വപ്നത്തെ വെടിഞ്ഞ് സന്യാസിക്ക് മുഴുവൻ സ്വർണ്ണ നാണയവും നൽകി. പെട്ടെന്ന് ഗോപുവിന്റെ കണ്ണുകൾ അടഞ്ഞു. അവൻ കണ്ണുകൾ

തുറന്നപ്പോൾ കണ്ടത്, സ്നേഹിക്കുന്നവരുടെ മായാലോകമായ സ്വർഗ്ഗമായിരുന്നു. ആ സന്യാസി ഒരു ദേവനായിരുന്നു. ഗോപു സ്വർഗ്ഗത്തിന്റെ വിസ്മയങ്ങളിലേക്കും മായകാഴ്ചകളിലേക്കും താഴ്ന്നിറങ്ങി.....

പെട്ടെന്നാണ് ഗോപു കണ്ണ് തുറന്നത് അവൻ മനസിലായി താൻ കണ്ടത് ഒരു സ്വപ്നമാണെന്ന്. പക്ഷെ ആ സ്വപ്നത്തിലൂടെ അവൻ തിരിച്ചറിഞ്ഞു സ്നേഹം, നന്മ, കരുതൽ ഇവയാണ് സ്വർഗ്ഗം ഭൂമിയിലെ സ്വർഗ്ഗം...

നീരജ് കെ.ആർ
9 ബി

# അറിയുന്നു ഞാൻ നിൻവേദനകൾ

കളകളമൊഴുകുന്ന പുഴയോ
നിന്റെ മധുരമാം ശ്രുതി
കേൾക്കാൻ എന്തു രസം
എങ്ങോട്ട് പോകുന്നു പുഴയെ....
നീ ഇതെങ്ങു
ചെന്നെത്തുന്നു പുഴയെ...
നിന്റെ അന്തിയതിൽ നീയൊരു അന്തകാരത്തിലെത്തുന്നു
നിന്റെ മുടിമേൽ കെട്ടിയുയർത്തിയ പാലങ്ങൾ ഞാനിന്നുകണ്ടിടുന്നു
അറിയുന്നു ഇന്ന് ഞാൻ നിൻ വേദനകൾ
ശിഷിക്കരുതൊരിക്കിലും ഞങ്ങളെ നീ....

– കൃഷ്ണനന്ദ.പി.വി

# ഭക്ഷണമാണ് വേണ്ടത് പുകയിലയല്ല

ഇന്ന് സമൂഹത്തെ കാർന്നുതിന്നുകൊണ്ടിരിക്കുന്ന മഹാവിപത്താണ് പുകവലി.ഇന്ന് ഇന്ത്യയിലെയും പ്രധാനവിളകളിൽ ഒന്നാണ്പുകയില.എണ്ണ–വാതക ഉദ്പാദനത്തിനുശേഷം ഇന്ത്യയുടേ പ്രധാനവരുമാനസ്രോതസാണ് പുകയിലകൃഷി.ഇത്തരത്തിലുള്ള പുകയിലകൃഷി അത് ഉപയോഗിക്കുന്ന മനുഷ്യജീവനുകളോടൊപ്പം ലോകത്തിലെ പട്ടിണി അകറ്റുന്ന ഫലഭ്രൂയിഷ്ടമായ മണ്ണിനേയുഠ ഇല്ലാതാക്കുകയാണ്. ഇത് തടയാനായി പുകയിലകൃഷിയുടെ മൂലകേന്ദ്രത്തിൽ നിന്ന് തന്നെ നശീകരണം ആരഠഭികേണ്ടേതുണ്ട്

പുകവലി ശ്വാസകോശത്തിന്റേയുഠ പ്രതുരോധശേഷി കുറയ്ക്കുന്നു .കേരളത്തൽ പുകവലിമൂലമുള്ള മരണകാരണങ്ങളുടെ പട്ടികയിൽ പുകയിലജന്യമായ ഹൃദ്രോഗവും വദനാർബവും ശ്വാസകോശാർബുദവുമാണ് മുന്നിൽ നിൽക്കുന്നത്തെ. ഒരു ലക്ഷത്തിൽ അയ്യായിരം പേർക്ക് ബാധിക്കുന്ന ക്രോണിക് ഒബ്സ്ഠക്ടീവ് പ്ലമണറി ഡിസീസിന്റെ പ്രധാനകാരണം പുകവലിയാണ്. ഇതിന് പുറമെ പക്ഷാഘാദം, ശ്വാസകോശരോഗങ്ങൾ, ആസ്ത്മ,ക്ഷയരോഗം എന്നിവ വർധിക്കുന്നതിലും പുകയിലയുടെ പങ്കു വലുതാണ്

പുകയിലകൃഷി പ്രകൃതിയെയും ദക്ഷ്യോൽപ്പാദനമേഖലയേയും ഗാണ്യമായി ബാധിക്കും ലോകമെമ്പാടുംഏകദേശം 3.5 ധശലക്ഷം ഹെക്ടർ ഭൂമി ഓരോ വർഷവും പുകയിലകൃഷിക്കായി മാറ്റപ്പെടുന്നു. പുകയില വളർത്തുന്നത് പ്രതിവർഷം 2,00,000ഹെക്ടർ വനനഷീകാരണത്തിന് കരണമാകുന്നു. പുകയിലകൃഷിക്ക് കീടനാശിനികളുടേയും വളങ്ങളുടേയും കനത്ത ഉപയോഗം ആവശ്യമാണ്. ഇതുവഴി മണ്ണിന്റെ ഫലഭ്രൂയിഷ്ടത കുറയുന്നതിനാൽ പിന്നീട് മറ്റ് ഭക്ഷ്യവിളകളുടെ കൃഷി അസാധ്യമാകുന്നു. മറ്റു വിളകളേ അപേക്ഷിച്ച് പുകയിലകൃഷി, ആവസ്യവ്യവസ്ഥയെ തകിടം മറിക്കുന്നു .

ഏറ്റവും കൂടുതൽ പുകയില കൃഷി ചെയ്യുന്ന കൂടുതലും താഴ്ന്ന –ഇടത്തരം

സാമ്പത്തികസ്ഥിതിയുള്ളതോ ഭക്ഷ്യോൽപാദനത്തിൽ പ്രതിസന്ധിനേരിടുന്നതോ ആയ രാഷ്ട്രങ്ങൾആണ് . ഒരു നണ്യവിള എന്ന നിലയിൽ പുകയിലയിൽ നിന്നും ലഭിക്കുന്ന ഏതൊരു ലാഭവും താഴ്ന്ന –ഇടത്തരം രാജ്യങ്ങളിലെ സുസ്ഥിരഭക്ഷ്യ ഉത്പാദനത്തിന് വരുത്തിയ നാശം നികത്താൻ കഴിയില്ല. ഇത്തരത്തിൽ പുകയിലകൃഷിക്കായി ഉപയോഗിക്കുന്ന ഭൂമി ഭക്ഷ്യയോൽപ്പാദനത്തിലേക്ക് മാറിയാൽ പട്ടിണിരഹിത രാഷ്ട്രമായി മറാനാകും.

പുകയില കൃഷി ഉപജീവനമാർഗമാണെന്ന് കർഷകർ സ്വയം അവകാശപെടുമ്പോഴും അത് സത്യത്തിൽ നിന്ന് വളരെ അകലെയാണ്. കീടനാശിനികളും വിഷ –രസ വസ്തുക്കളും അമിതമായി കൈകാര്യം ചയ്യുന്നതിന്റെ ഫലമായുള്ള അനാരോഗ്യവസ്ഥയാണ് പലപ്പോഴും പ്രതിഫലം. കൂടാതെ, പുകയില കമ്പിനികളുമായുള്ള അന്യയമായ കരാറുകൾ കർഷകരെ ദരിദ്ര്യരാക്കുന്നു. ഒപ്പം, പുകയില കൃഷിയിൽ പലപ്പോഴും നെയ്യെടുക്കുന്ന ബാലവേലവിദ്യാഭ്യാസത്തിനുള്ള അവകാശത്തേ തടസപ്പെടുത്തുകയും ചെയ്യുന്നു.

പുകയില കർഷകർക്ക് ഇതരവിപണന സാധ്യതകളെക്കുറിച്ചും അവബോധം വളർത്തുകവഴി സുസ്ഥിരവും പോഷകസമൃദ്ധവുമായ വിളകൾ ഉദ്പാദിപ്പിക്കാൻ അവർക്ക് പ്രോത്സാഹനം നൽകാൻ കഴിയും. പുകയില ഉത്പാദനം കുറയ്ക്കുന്നതിനും ബദൽ ഭക്ഷ്യവിളകളുടെ ഉത്പാദനത്തിലേക്കെ കടക്കാൻ കർഷകരെ സഹായിക്കുന്നതിനുമുള്ള നിയമനടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതുണ്ട് .

2023-ലെ WNTO കാമ്പിയൻ സർക്കാറുകലോടും നായരുപകർത്താക്കളോടും പുകയിലയ്ക്കെതിരായി നിയമംനിർമാണം ശക്തമാക്കാൻ ആവശ്യപ്പെടുന്നു.പുകയിലകർഷകർക് ഇത്തരത്തിൽ കർഷകരെ പുകയില കൃഷിയിൽ നിന്ന് പിന്തിരിപ്പിച്ച് പോഷകവിളകൾ കൃഷിചെയ്യുന്നതിലൂടെ ഭക്ഷ്യോൽപ്പാദന രംഗത്ത് പുതിയൊരു വിപ്ലവം സൃഷ്ടിച്ചെടുക്കാം.ലോകത്തിന്റെ പട്ടിണിക്ക് അറുതി വരുത്താം.കാരണം, പുകയിലയല്ല. ഭക്ഷണമാണ് നമുക്ക് ആവശ്യം.

•————•

കൃഷ്ണേന്ദു ടി. പി

# ആസ്വാദനക്കുറിപ്പ്

മലയാള സാഹിത്യത്തിലെ ഏറ്റവും മികച്ച നോവലുകളിൽ ഒന്നായി വിലയിരുത്തപ്പെടുന്ന നോവലുകളിൽ ഒന്നാണ് കെ.ആർ.മീരയുടെ 'ആരാച്ചാർ'.ബംഗാളിൻ്റെ പശ്ചാത്തലത്തിലാണ് കഥ നടക്കുന്നത്.

നീതി നിർവഹണത്തിൻ്റെ ഒരറ്റത്തെ കണ്ണിയാണ് ആരാച്ചാർ.അചഞ്ചലമായ മനസ്സുള്ളവർക്ക് മാത്രമേ ഈ ജോലി ചെയ്യാൻ സാധിക്കുകയുള്ളൂ.കോടതി ഉത്തരവു പ്രകാരമാണെങ്കിലും പ്രതിയെ തൂക്കി കൊല്ലുക എന്ന കൃത്യം നിർവഹിക്കേണ്ടത് ആരാച്ചാരാണ്. ഒരു മനുഷ്യൻ്റെ ജീവൻ ഇല്ലാതാകുന്നത് ആരാച്ചാരുടെ കൈകളിലൂടെയാണ്. ഈ ജോലിക്കുള്ള മനക്കട്ടിയും ആരോഗ്യവും പുരുഷന് മാത്രമേ ഉള്ളൂവെന്ന് വിശ്വസിച്ച് കഴിഞ്ഞു വരുന്ന ലോകത്തിന് ശക്തമായ പ്രഹരമേല്പിച്ചു കൊണ്ടാണ് ചേതന ഗൃദ്ധമല്ലിക് എന്ന യുവതി ഈ മേഖലയിലേക്ക് സധൈര്യം കടന്നു വരുന്നത് – ലോകത്തിലെ ആദ്യത്തെ വനിതാ ആരാച്ചാർ !

ജനനം, പ്രണയം, ഫെമിനിസം, മരണം തുടങ്ങി ജീവിതത്തിലെ ഒരുപാട് കാര്യങ്ങൾ ഈ നോവലിൽ കടന്നു വരുന്നുണ്ട്. പ്രണയത്തിൻ്റെ പല മുഖങ്ങൾ ഈ നോവലിൽ കാണാൻ സാധിക്കുന്നു. ആരാച്ചാരുടെ മകളായി ഒരു പരമ്പരാഗത ആരാച്ചാർ കുടുംബത്തിൽ ജനിച്ചതിനാൽ മരണം എന്നത് ചേതനയുടെ വീട്ടിലെ സ്ഥിരം സംസാരവിഷയമായിരുന്നു. എങ്കിലും, ഭൂമിയിൽ മരണത്തെക്കാൾ അനിശ്ചിതത്വം പ്രണയത്തിന് മാത്രമാണ് എന്ന് അവൾ കരുതുന്നു. മരണത്തിൻ്റെയും പ്രണയത്തിൻ്റെയും പല മുഖങ്ങൾ നോവലിസ്റ്റ് വായനക്കാരിലേക്ക് എത്തിക്കുന്നതായി കാണാൻ സാധിക്കുന്നു. മറ്റൊരു കഥാപാത്രമായ ചേതനയുടെ ഠാക്കുമാ സ്നേഹത്തെക്കുറിച്ച് പറയുന്നത് ശ്രദ്ധേയമാണ്... 'പുരുഷൻ്റെ സ്നേഹവും സ്ത്രീയുടെ സ്നേഹവും രണ്ടാണ്. അഹ്ലാദിപ്പിക്കുന്നവളെ മാത്രമേ

പുരുഷന് സ്നേഹിക്കാൻ കഴിയൂ. സ്ത്രീക്ക് അവളെ വേദനിപ്പിക്കുന്നവനെയും സ്നേഹിക്കാൻ സാധിക്കും...'

പല വികാരങ്ങളുടെ പല ഭാവങ്ങളാൽ സമ്പുഷ്ടമായ ഈ നോവൽ വളരെ വ്യക്തതയോടെയും ഒഴുക്കോടെയുമാണ് നിർമ്മിച്ചെടുത്തിരിക്കുന്നത്. കഥാപശ്ചാത്തലം കൊൽക്കത്തയാണെന്നതിനാൽ നോവലിൽ ഉടനീളം ചെറിയ ചെറിയ ബംഗാളി ഭാഷാ പ്രയോഗം നമുക്ക് കാണാൻ സാധിക്കുന്നു. നോവലിലെ മറ്റൊരു പ്രധാന കഥാപാത്രം സഞ്ജീവ് കുമാർ മിത്ര എന്ന മാധ്യമ പ്രവർത്തകനായിരുന്നു. 22 വയസ്സുള്ള ഒരു സ്ത്രീ ലോകത്തിലെ ആദ്യ വനിതാ ആരാച്ചാറാകുമ്പോഴുള്ള വാർത്ത പ്രാധാന്യത്തിന്റെയും മാധ്യമ ടെലിവിഷൻ റേറ്റിങ്ങിനും ആയിരുന്നു അയാൾ മോഹിച്ചത്.

വർത്തമാനകാലത്തിലെ രാഷ്ട്രീയ, സാമൂഹിക, സാമുദായിക അവസ്ഥകളും പൊള്ളത്തരങ്ങളും ഈ പുസ്തകത്തിലൂടെ എഴുത്തുകാരി നമ്മെ ഓർമ്മപ്പെടുത്തുന്നു. സമകാലീന വർഷങ്ങളിലെ മാധ്യമപ്രവർത്തനത്തിന്റെ അഴുകിയ പിന്നാമ്പുറങ്ങളും മനുഷ്യത്വരഹിതവും നീതികരിക്കാൻ ആവാത്തതുമായ പ്രവർത്തനങ്ങളും സഞ്ജീവ് കുമാർ മിത്ര എന്ന മാധ്യമപ്രവർത്തകനിലൂടെ നമുക്ക് കാണിച്ചു തരുന്നു.

ചേതനയുടെ പ്രണയത്തിൻറെ തീവ്രത ഓരോ വാക്കുകളിലും വ്യക്തമാണ്. ഹൃദയത്തിൻറെ ഒരു പകുതി കൊണ്ട് സ്നേഹിക്കുകയും മറുപകുതി കൊണ്ട് സ്നേഹശൂന്യതയെ നേരിടാനുമുള്ള കരുത്ത് നേടിയെടുക്കാൻ അവൾ കടന്നുപോകുന്ന ആത്മസംഘർഷങ്ങൾ കെ.ആർ.മീര ആവിഷ്കരിക്കുന്നു. ഒരു സ്ത്രീപക്ഷ നോവൽ എന്ന് വിമർശിക്കുന്നവരെ പോലും അമ്പരപ്പിക്കുന്ന,ഒരു പെണ്ണിൻറെ കരുത്താർജിക്കൽ നോവലിന്റെ ഒഴുക്കി നോടൊപ്പം വായനക്കാരെ അത്ഭുതപരതന്ത്രനായി പിടിച്ചിരുത്തും എന്ന് നിസ്സംശയം പറയാം. ചോദ്യങ്ങളുടെയും ചിന്തകളുടെയും ഒരു കുരുക്ക് നമ്മെയണിയിക്കുവാൻ കഴിയുന്നു എന്നതിനാൽ തന്നെ 'ആരാച്ചാർ' വളരെ പ്രസക്തമായ ഒരു നോവൽ ആകുന്നു.

– അനശ്വര പ്രഭ 10 E

# ഉറുമ്പും മീനും

ഒരു ദിവസം ഉറുമ്പ് പുഴയുടെ അടുത്തുള്ള മരത്തിൽ ഇരിക്കുകയായിരുന്നു. പെട്ടെന്ന് കാറ്റ് വന്നു. ഉറുമ്പ് പുഴയിൽ വീണു. ഉറുമ്പ് ഉച്ചത്തിൽ പറഞ്ഞു: "രക്ഷിക്കണേ രക്ഷിക്കണേ"... എന്ന്. ഇത് കേട്ട മീൻകുഞ്ഞ് ചോദിച്ചു: "എന്താ ഉറുമ്പേ..."ഉറുമ്പ് പറഞ്ഞു: "എന്നെ വേഗം കരയ്ക്കെത്തിക്കണം" മീൻകുഞ്ഞ് പുഴയരികിൽ നിന്നും ഒരു ഇലയെടുത്തു.എന്നിട്ട് ഉറുമ്പിൻ്റെ അടുത്ത് പോയി. ഉറുമ്പ് ഇലയിൽ കയറി. എന്നിട്ട് നന്ദിയുണ്ട് സുഹൃത്തേ എന്ന് പറഞ്ഞു. അപ്പോഴാണ് ഉറുമ്പ് ചിന്തിക്കുന്നത് താൻ എങ്ങനെ കരയ്ക്കെത്തും എന്ന്. മീൻകുഞ്ഞ് മീൻകുഞ്ഞിൻ്റെ സുഹൃത്തുക്കളെ വിളിച്ചു. എന്നിട്ട് എല്ലാ മീനുകളും തല വെച്ച് ഇല നീക്കി നീക്കി കരയ്ക്കെത്തിച്ചു. ഉറുമ്പ് ഉച്ചത്തിൽ പറഞ്ഞു: "നന്ദിയുണ്ട് സുഹൃത്തുക്കളെ ഇനിയും കാണാം.... "

–ശബരിനാഥ്

8 F

# ഉറക്കമില്ലാരാത്രികൾ

കോരിപെയ്യുന്ന മഴയത്ത് അവൾ ഞെട്ടി ഉണർന്നു.ചുമരിൽ തൂക്കിയിട്ടിരുന്ന ഘടികാരത്തിൽ നോക്കിയപ്പോൾ സമയം അഞ്ച് മണി.സാധാരണ അവൾ എഴുന്നേൽക്കുന്ന സമയമായിരുന്നില്ല അത്.അവൾ സ്വബോധത്തോടെ അടുക്കളയിൽ ദോശ ചുട്ട് കൊണ്ടിരിക്കുന്നുണ്ടായ അമ്മയുടെ അടുത്തേക്ക് പോയി.അവളുടെ അമ്മയ്ക്ക് കാക്ക മലർന്നു പറന്നോ എന്ന് സംശയമായി.അവൾക്ക് പെട്ടെന്ന് എവിടെ നിന്നോ ഒറു ആവേശം വന്നു.എന്നിട്ട് അമ്മയോട് പറഞ്ഞു:"അമ്മേ,ഞാൻ ഒരു സ്വപ്നം കണ്ടു.അത്....."ബാക്കി പറയാൻ നേരം അവളുടെ അമ്മ ഇടയ്ക്ക് കേറി ചോദിച്ചു:നല്ല സ്വപ്നമാണോ അതോ മോശമോ?"അവൾ തലകുലുക്കിക്കൊണ്ട് നല്ലതാണെന്ന് പറഞ്ഞു.എങ്കിൽ പറയണ്ട എന്ന് അമ്മയും.അവൾ കൂടുതലായിട്ടൊന്നും അമ്മയോട് പറയാൻ നിൽക്കാതെ പുറത്തേക്ക് ചെന്നു.അവിടെ അവളുടെ മുത്തശ്ശൻ കാലിൻെറ മുകളിൽ കാലും വച്ച്കൊണ്ട് പത്രം വായിക്കുന്നുണ്ടായിരുന്നു.അവളുടെ ഏറ്റവും നല്ല ഒരു കൂട്ടുകാരനായിരുന്നു.അവളുടെ മാത്തച്ഛൻ.മാത്തച്ഛൻ എന്ന് അവൾ മാത്രമായിരുന്നു ആ മുത്തശ്ശനെ വിളിക്കുക.അവളെ മാത്തച്ഛൻ ഒരു അമ്പരപ്പോടെ നോക്കി.കാരണം എന്താണെന്ന്അവൾക്ക് നന്നായിട്ടറിയാം.അവൾ മുത്തശ്ശനോട് വേറെയൊന്നും പറയാതെ അവളുടെ അമ്മ പറഞ്ഞതങ്ങോട്ട് പറഞ്ഞു.കാരണം നീ ആ സ്വപ്നം അതിരാവിലെയാണ് കണ്ടതെങ്കിൽ,അത് ആരോടും പറഞ്ഞില്ലെങ്കിൽ അത് നടക്കും എന്നാണ്.അവൾ അത് കേട്ടതോടെ നേരെ മുറിയിലേക്ക് ചെന്നു.അവളുടെ മുഖത്ത് ഒരു തെളിച്ചമുണ്ടായിരുന്നു.അവൾ കട്ടിലിൻെറ അടിയിലുള്ള ഒരു ഫയൽ എടുത്തു.അതിൽ അവളുടെ കുറേ കൂട്ടുകാരുടേയും അവൾ ആരാധിക്കുന്നവരുടേയും ഫോട്ടോയും ഓർമ്മകളുമായിരുന്നു.പക്ഷേ,അവൾ തിരഞ്ഞത് ഒരേയൊരു ഫേട്ടോ ആയിരുന്നു.ആ ഫോട്ടോ തിരഞ്ഞ് കിട്ടിയതോടെ അവളുടെ വലതുകണ്ണിൽ നിന്നും കണ്ണുനീർ വരാൻ തുടങ്ങി. അവൾക്ക് തൻ്റെ അച്ഛനെ കരച്ചിൽ വന്നത് അവളുടെ അച്ഛൻ മരിച്ചത് കൊണ്ടോ ഒന്നുമല്ല. അവളുടെ അച്ഛനും പിരിഞ്ഞിട്ട് എട്ട് വർഷങ്ങളായി. അവൾക്ക് രണ്ട് വയസ്സുള്ളപ്പോൾ ആയിരുന്നു അവളുടെ അമ്മയുമായി വേർപിരിഞ്ഞത്.അവർ എന്തിനാണ് പിരിഞ്ഞത് എന്നോ അവർക്കിടയിൽ എന്താ പ്രശ്നം ഉണ്ടായതെന്നോ അവൾ ഇത്ര കാലമായിട്ടും ചോദിച്ചിട്ടില്ല. ഇനിയും ചോദിക്കില്ല.പകരം അവൾ

ആദ്യമായിട്ട് ആ ദിവസം അവളുടെ അമ്മയുടെ അടുത്തേക്ക് പോയ ഉടനെ ഒരു ചോദ്യം ചോദിച്ചു: 'അമ്മേ, അച്ഛൻ ഇപ്പോൾ എവിടെയാ?'അവളുടെ ഈ ചോദ്യം കേട്ട് അമ്മ ചുവടു മറന്നു നിന്നു.അമ്മ ദേഷ്യപ്പെടും എന്നാണ് അവൾ കരുതിയത്.പക്ഷേ അമ്മ ഒരു ചെറുപുഞ്ചിരിയോടെ ചോദിച്ചു: 'നീ എന്താ മോളെ രാവിലെ സ്വപ്നം കണ്ടത്?'.' അമ്മയല്ലേ പറഞ്ഞത് നല്ല സ്വപ്നം ആണെങ്കിൽ പറയണ്ട

എന്ന്?അതുകൊണ്ട് പറയുന്നില്ല'. 'അത്രയ്ക്ക് നല്ല സ്വപ്നമാണോ?'അമ്മ ചോദിച്ചു.' എന്നെ സംബന്ധിച്ചിടത്തോളം അത് നല്ലൊരു സ്വപ്നമാണ്.ഞാൻ കാലങ്ങളായി ആഗ്രഹിക്കുന്ന ഒരു കാര്യം'. ഇത്രയും പറഞ്ഞ് കൊണ്ട് അവർ പോകാൻ ഒരുങ്ങി. അപ്പോൾ തന്നെ അവൾ എന്തോ മറന്നത് പോലെ തിരിഞ്ഞ് നോക്കി കൊണ്ട് പറഞ്ഞു: 'അച്ഛൻ എവിടെയാണെന്ന് പറ അമ്മേ'.'മോളെന്തിനാ അതൊക്കെ ഇപ്പോൾ ചോദിക്കുന്നേ? എനിക്ക് നിൻ്റെ അച്ഛനെപ്പറ്റി ഒന്നും അറിയില്ല'. കൂടുതലായിട്ട് അവൾക്ക് അമ്മയോട് ഒന്നും ചോദിക്കാൻ തോന്നിയില്ല. അവൾ ചെറിയ വിഷമത്തോടെ മുറിയിൽ പോയി ഇരുന്നു. മുത്തച്ഛൻ അവൾ മുറിലേക്ക് പോകുന്നത് കണ്ട് അവിടേക്ക് ചെന്നിട്ട് എന്തു പറ്റി എന്ന് ചോദിച്ചു. അവൾ മുത്തച്ഛനോട് എല്ലാം പറഞ്ഞു. മുത്തശ്ശൻ അവളുടെ തല തലോടികൊണ്ട് പറഞ്ഞു: 'നിനക്ക് നിൻ്റെ മുത്തശ്ശൻ ഇല്ലേ?'അവൾ വീണ്ടും അലറി കരയാൻ തുടങ്ങി. മുത്തശ്ശന് അവളെ ഒന്നും പറഞ്ഞ് സമാധാനിപ്പിക്കാൻ പോലും കഴിഞ്ഞിരുന്നില്ല. അവൾ കരഞ്ഞ് കൊണ്ട് പറഞ്ഞു: ' മുത്തശ്ശാ ഞാൻ കണ്ട സ്വപ്നം എന്താണെന്ന് അറിയോ? എൻ്റെ അച്ഛനും അമ്മയും ഞാനും ഒരുമിച്ച് എൻ്റെ അടുത്ത പിറന്നാൾ ആഘോഷിക്കുന്നതായിരുന്നു. അതിനുള്ള ഭാഗ്യമേ ഒന്നും എനിക്ക് ഇനിയില്ല എന്ന് ഇപ്പോൾ മനസ്സിലായി. രാവിലെ കണ്ട സ്വപ്നം നടക്കും എന്നൊക്കെ പറയുന്നത് വെറുതെയാ ..." ഇത്രയും പറഞ്ഞ് കൊണ്ട് അവൾ വീണ്ടും കരയാൻ തുടങ്ങി. മുത്തശ്ശന് ഒന്നും തിരിച്ച് പറയാൻ കഴിഞ്ഞില്ല. അവളെ ചേർത്ത് പിടിച്ചു കൊണ്ട് ആ വഴിയരികിലൂടെ മെല്ലെ മെല്ലെ നടന്നു നീങ്ങി.

Anjana krishna v.v
9E

# ഇരുട്ട്

ഇരുട്ടിനോട് കടം വാങ്ങിയ
അക്ഷരങ്ങളിൽ
ആത്മാക്കളെ പിടിച്ചുകെട്ടിയാൽ
ആ എഴുത്തുകൾ
അവിഹിത സന്തതികളാവുമെത്രെ
എന്നാൽ അറിയണം
ആ ഭാരം അതേ പേറ്റുനോവറിഞ്ഞ്
പേനയുടെ ഭാരം എന്റെ
കൈത്തലപ്പിനേറെ
പ്രിയമുള്ളതാവുന്നു

Rithika sunil
9E

# മിഠായി

പതിവുപോലെ അന്നും അയാൾ ആ വഴിയിലുണ്ടായിരുന്നു.സ്കൂളിലേക്ക് പോകാൻ മറ്റു വഴികൾ ഉണ്ടായിരുന്നെങ്കിലും എന്തോ അയാളുടെ ചിരിയും വർത്തമാനവും തമാശകളും എന്നെ ആ വഴിയിലൂടെ സ്കൂളിലേക്ക് നടക്കാനാണ് പ്രേരിപ്പിച്ചത്.അച്ഛനും അമ്മയും ജോലിക്കാരായതുകൊണ്ടാവും അവരോടൊപ്പം സംസാരിക്കാനോ ഒരുമിച്ചിരിക്കാനോ കളി പറയാനോ കഥ പറയാനോ കുറേ നാളുകളായി അവസരങ്ങളില്ലായിരുന്നു.ആദ്യമൊക്കെ ഒറ്റപ്പെടലിന്റെ സങ്കടം സഹിക്കാൻ പറ്റാത്തതായിരുന്നു.ജോലി കഴിഞ്ഞ് വൈകി വരുന്ന അച്ഛന്റെ മിഠായിലൂടെ മാത്രമായിരുന്നു അച്ഛന്റെ സ്നേഹം ഞാനറിഞ്ഞത്.പാതി ഉറക്കത്തിൽ അമ്മയുടെ കൈകൾ സ്നേഹത്തോടെ തലയിൽ തലോടുന്നത് എന്തോ എനിക്ക് സ്നേഹത്തേക്കാൾ അലോസരമായി തോന്നി തുടങ്ങിയിരുന്നു. സ്കൂളിലേക്കുള്ള വഴിയിലെ ആൽമരച്ചോട്ടിലിരിക്കുന്ന ആ താടിക്കാരനെ ആദ്യമൊക്കെ പേടിയായിരുന്നു.അയാൾ മുകളിലേക്ക് വലിച്ചൂതുന്ന ചുരുട്ടിൽ നിന്നും ഉയരുന്ന പുകയോട് വെറുപ്പായിരുന്നു.അയാൾ എന്നും എനിക്കുനേരെ നീട്ടുന്ന മിഠായിയോടും ഭയമായിരുന്നു.
പിന്നീടെന്നോ ഞാനതൊക്കെ ആസ്വദിക്കാൻ തുടങ്ങിയിരുന്നു.അപരിചിതനോട് ഒന്നും വാങ്ങി കഴിക്കരുത് എന്ന് അമ്മ തന്ന ഉപദേശം പോലും ഒറ്റപ്പെടലിനെതിരെയുള്ള പ്രതിഷേധമയിട്ടാണ്എനിക്കനുഭവപ്പെട്ടത്.ദിവസം ചെല്ലുംതോറുംആ മിഠായി പൊതികളുടെ മധുരം കൂടി കൂടി വന്നു.എന്റെ ഉറക്കം നഷ്ടപ്പെടുന്നതും വിശപ്പില്ലായ്മയും പരീക്ഷയ്ക്ക് മാർക്കുകുറയുന്നതിനുമുള്ളതിന്റെ കാരണം ആ മധുരമേറിയ മിഠായി പൊതികളാണ് എന്ന് മനസ്സിലാക്കുന്നതിനു മുൻപുതന്നെ ഒരിക്കലും ഉണരാത്ത ഉറക്കത്തിലേക്ക് ഞാൻ എത്തിപ്പെട്ടിരുന്നു.

Rithika sunil

9 E

# മനഃസാക്ഷിയുടെ പൊരുൾ തേടി

സ്വപ്നങ്ങൾ ചിന്നിചിതറുന്നു
കൈവിട്ടുപോകുന്നു അയാളുടെ മണ്ണ്
എന്തെന്തു ചെയ്യണം-
അറിഞ്ഞുകൂടാ
ആരോടും ചൊല്ലണം -
അറിഞ്ഞുകൂടാ
നാലുചുവരുകൾ കെട്ടിപ്പടുക്കുവാൻ,
തന്റെ ജീവിതം കെട്ടിപ്പടുക്കുവാൻ
താൻ അധ്വാനിച്ചുനേടിയ മണ്ണ്
കൈയെത്തും ദൂരത്തുനിന്ന്
എത്താ കൊമ്പത്തേക്ക്,
ചതിയുടെ ഇരുളിൽ മാഞ്ഞുപോകുന്നു.
ഇനിയൊരഭയം വാടകവീടുമാത്രം
വാടകവീട്ടിൽ മണ്ണിട്ടുമൂടിയ സ്വപ്നങ്ങൾ
കുത്തിപ്പൊക്കാൻ ഇല്ലിനിയൊരവസരം
പാട്ടത്തിൻ ആക്കം കൂടുന്നു
കീശയിൽ ഗാന്ധിതൻ ചിരിയും കുറയുന്നു
കടക്കെണിയിൽപ്പെട്ട്
കല്ലേറുകൾക്കും കൂകിവിളികൾക്കും
ഇരയാകേണ്ടി വന്ന ശരീരംമാത്രം ബാക്കിയാകുന്നു

ഒരു നീണ്ട വിടവാങ്ങലിനു തയാറെടുക്കുന്നു
സസന്തോഷം വണ്ണോടലിയാൻ ധൃതിപ്പെടുന്നു
ഭൂമിയാകുന്ന വാടകവീട്ടിൽ
വന്നുപോകുന്ന താമസക്കാർ നാം

എന്നിരുന്നാലുംമണ്ണ് വെട്ടിപ്പിടിച്ച്
സ്വന്തമായി ഇരുനില കെട്ടിടം
എന്ന സ്വപ്നം നിലയ്ക്കില്ലൊരിക്കലും
മാനവർതൻ മനസ്സിൽനിന്ന്....

Anjana krishna .v.v
9E

# ഈ ലോകം ഇതെങ്ങോട്ട് ?

മാനുഷ്യന്മാരുടെ വാശിക്കുവേണ്ടി നാം
നമ്മുടെ അമ്മയെ ബലികൊടുത്തു
ചോരയും മജ്ജയും മാംസവും കൊണ്ടു
ഈ മണ്ണിൻ മണം ദുർഗന്ധമാക്കി
പീരങ്കിയും തോക്കും ബോംബുംമൊക്കേയും
ഓരോരോ ജീവനെ നഷ്ടമാക്കി
വെട്ടിപ്പിടിക്കുവാനുള്ള തിരക്കിലുമിന്നു
നാം നമ്മളെ മറന്നിടുന്നു.
യുദ്ധം എന്നൊരു വിനാശകാരിയെ
നമ്മുടെ നേർക്കുവിളിച്ചിടുന്നു.
കോപാകുലമാകും ലോകമേ
ഇന്നു നാം ഇരുളിൻ മറവിലേക്കുള്ളൊരു
പാതയെ താണ്ടിടും  അതിഥിയായി
വാശിയും യുദ്ധവും കൊണ്ടു തിളയ്ക്കുമീ
ലോകമേ നീ ഇതെങ്ങോട്ട് ?
ഞാൻ ഇന്നും നിൽക്കയായി മൂകനായി
വേണ്ടാ ഇനി യുദ്ധം
വേണ്ടാ ഇനി വാശി
നമ്മളി ലോകത്തെ നാശമാക്കി...

കൃഷ്ണനന്ദ.പി.പി



# പ്രകൃതി

പ്രകൃതി അതിമനോഹരമാണ്. എല്ലാ ജീവജാലങ്ങളും  പ്രകൃതിയിൽ സന്തോഷത്തോടെ ജീവിക്കുന്നു. തണലേകുന്ന മരങ്ങൾ, പലയിടത്തുനിന്നും ഒഴുകിയൊഴുകി എത്തുന്ന നദികൾ, പക്ഷികൾ,... ഇതെല്ലാം പ്രകൃതിയിലെ മനോഹര കാഴ്ചളാണ്. മൃഗങ്ങളെ പോലെ തന്നെ മനുഷ്യനും പ്രകൃതിയുമായി നല്ല ബന്ധമുണ്ട്. നാം ഓരോരുത്തരും ഉപയോഗിക്കുന്ന പല സാധനങ്ങളും നിർമ്മിക്കാൻ മനുഷ്യർ പ്രകൃതിയെ ആശ്രയിക്കാറുണ്ട്. പ്രകൃതിയും എല്ലാ ജീവജാലങ്ങളും ഒരു ചങ്ങല പോലെ ആണുള്ളത്. അതിലെ ഒരു ചങ്ങല പൊട്ടിയാൽ മറ്റുള്ളവയ്ക്കും നാശം സംഭവിക്കും. പച്ചപ്പിനൽ തുളുമ്പി നിൽക്കുന്ന പ്രകൃതിയെ ഇന്നു കാണാനില്ല. മനുഷ്യന്റെ അമിതമായ പ്ലാസ്റ്റിക് ഉപയോഗം, കുന്നിടിക്കൽ, മണൽവാരൽ തുടങ്ങിയ പ്രവർത്തികൾ പ്രകൃതിക്ക് നാശമുണ്ടാക്കുന്നു. മനുഷ്യൻ പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിൽ തെറ്റുകളില്ല, പക്ഷെ വേണ്ട രീതിയിൽ അതിനെ ഉപയോഗിക്കണം. സൂര്യരശ്മികളുടെ പ്രകാശത്തിൽ തിളക്കമേറി ഒഴുകിക്കൊണ്ടിരുന്ന നദികളിലെല്ലാം പ്ലാസ്റ്റിക്കുകൾ കൊണ്ട് തള്ളിയിടുന്നതെപ്രകൃതി അതിമനോഹരമാണ്. എല്ലാ ജീവജാലങ്ങളും  പ്രകൃതിയിൽ സന്തോഷത്തോടെ ജീവിക്കുന്നു. തണലേകുന്ന മരങ്ങൾ, പലയിടത്തുനിന്നും ഒഴുകിയൊഴുകി എത്തുന്ന നദികൾ, പക്ഷികൾ,... ഇതെല്ലാം പ്രകൃതിയിലെ മനോഹര കാഴ്ചളാണ്. മൃഗങ്ങളെ പോലെ തന്നെ മനുഷ്യനും പ്രകൃതിയുമായി നല്ല ബന്ധമുണ്ട്. നാം ഓരോരുത്തരും ഉപയോഗിക്കുന്ന പല സാധനങ്ങളും നിർമ്മിക്കാൻ മനുഷ്യർ പ്രകൃതിയെ ആശ്രയിക്കാറുണ്ട്. പ്രകൃതിയും എല്ലാ ജീവജാലങ്ങളും ഒരു ചങ്ങല പോലെ ആണുള്ളത്. അതിലെ ഒരു ചങ്ങല പൊട്ടിയാൽ മറ്റുള്ളവയ്ക്കും നാശം സംഭവിക്കും. പച്ചപ്പിനൽ തുളുമ്പി നിൽക്കുന്ന പ്രകൃതിയെ ഇന്നു കാണാനില്ല. മനുഷ്യന്റെ അമിതമായ പ്ലാസ്റ്റിക് ഉപയോഗം, കുന്നിടിക്കൽ, മണൽവാരൽ തുടങ്ങിയ പ്രവർത്തികൾ പ്രകൃതിക്ക്ല്ലാം പ്രകൃതി മലിനീകരമാണ്. മരങ്ങൾ കൊണ്ട് തണലേകി നിന്ന സ്ഥലങ്ങളെല്ലാം മണ്ണിട്ടു നികത്തി അവിടെയൊക്കെ വലിയ

ഫ്ലാറ്റുകൾ പണിയുന്നു. മനുഷ്യൻ ചെയ്യുന്ന ഇത്തരം പ്രവർത്തികളുടെ ഫലമായിട്ടാണ് ഉരുൾപൊട്ടൽ പോലുള്ള തിരിച്ചടികൾ പ്രകൃതി നമുക്ക് തരുന്നത്. പ്രകൃതി നശിച്ചു പോയാൽ പരസ്പരം കൈകോർത്തു നിൽക്കുന്ന ജീവജാലങ്ങൾക്കും നാശംവിതയ്ക്കും. പറയാൻ പറ്റാത്ത തരം ധാരാളം വൈവിധ്യങ്ങൾ അടങ്ങിയ ഒന്നാണ് പ്രകൃതി. പ്രകൃതിയോടൊപ്പം ഇണങ്ങി ജീവിച്ചാൽ പ്രകൃതിയെ നന്നായി അടുത്തറിയാൻ സാധിക്കും. ജൂൺ 5 നമ്മൾ പരിസ്ഥിതി ദിനമായി ആചരിക്കുന്നു. അത് വെറുതെയുള്ള ആചരണമല്ല. പുതുതലമുറയുടെ പട്ടിണി മാറ്റാനായി നാം ചെയ്യുന്ന, നമ്മുടെ പേരിലുള്ള ഒരു തൈ

നടൽ - ഇതാണ് പരിസ്ഥിതി ദിനം കൊണ്ട് ഉദ്ദേശിക്കുന്നത്. ധാരാളം സവിശേഷതകളേറിയ പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്.

Rithika Sunil

# WAITING AT THE WINDOW

I can see the sky grumble,
It’s her brows that frown
Looking through the window
Waiting at the window
For days and days, for me

I could feel the eye follow me
through the window passing
the land, the ocean and the sky
Her hush little eyes never blinked
Still waiting at the window

Scorching days light, for her
Frosty dusks, for her
Far from home, for her
Middle of pile a dust, for her
For her and only her

A cold plop touched my knees
As i gazed at the stars
It was the stars that gazed
Not stars, just like a star
Glittering like ripples of water

Is my baby crying? The thought
Shivered through my spine
the cold frozen my vein
My legs ready to run, hands
ready to pack, But my
Conscience saw the time to come, I hold off

I have been an elephant for her
And I can be a donkey too
I can sing to her like a bird
And i want her to be a bird
Free from the cage, Out of the window
Singing to the word

One day, I will be waving at her
Through the window, But not
With tears that flow, but with
With all the glee in world
For her

_ Mamta Damodara

# പിഞ്ചരിക

ഏഴുവർണ്ണങ്ങളിൽ ഏഴുപീലികളാൽ
മിന്നിയും തിളങ്ങിയും
പുസ്തകത്താളിൽ ഞാനൊളിപ്പിച്ച
പീലിയൊന്നിരട്ടിച്ചില്ലേലും
പ്രിമേറും സൗന്ദര്യ-
സപ്തവർണ്ണമിതിനല്ലേ?

കാർമുകിൽവണ്ണൻത്തൻ
ശിരസ്സിലേറിയ
മയൂരസ്വപ്നമേ
പ്രിയമേറും സൗന്ദര്യ-
സപ്തവർണ്ണമേ

കണ്ണിനുക്കുളിരേകും
മെയ്യിനുളശൈത്യമേകും
പ്രിമേറും സൗന്ദര്യ-
സപ്തവർണ്ണമിതിനല്ലേ?

അനുരാകവതിയാം മയൂരമേ
നിൻ സൗന്ദര്യഗു പീലിത്തൻ അഴകല്ലേ?

-ശ്വേത കൃഷ്ണ .വി

# वापस

क्या माँ ने तुम्हारे लिए
लोरी नहीं गाए ?
क्या तुम्हारी नटखट
कहानियाँ नहीं सुनी माँ?
क्या तुम्हारी चहचहाहट
सुनने इंतजार न की माँ?
क्या तुम्हें न जानते
तुम ही माँ की दुनिया हो?
क्या कहीं नहीं माँ,
माँ से न छुपो ?
क्यों फिर भी माँ से
लुका- छिपी खेल रही है?
इंतज़ार न कर सकती बेटी,
वापस आ जाओ . . . .

अक्षया एन
हिंदी अध्यापिका

# ഇടം

വരുവാനൊരു ഇടമുണ്ട്
പോകാനും ഇടമുണ്ട്
പോരാ.......
തേടുന്നതോ
മൂന്നാമതൊരിടം

ശ്രീന പി.വി

# സാങ്കേതികതയുടെ പുതിയ തുറകൾ-'ഇ' വരവ് 'നൃത്ത'ത്തിൽ

ആശയവിനിമയ രംഗത്തെ വൻകുതിച്ചു ചാട്ടമാണ് ഇന്റർനറ്റിന്റെ വരവോടുകൂടി സംജാതമായത്. ലോകത്തിന്റെ വിശാലതയ്ക്ക് പരി അതിന്റെ മുക്കും മൂലയും വരെ ഒരു കൊച്ചുസ്ക്രീനിൽ നമ്മുടെ മുന്നിലെത്തുന്നു. ലോക കാര്യങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കു കയോ, വ്യക്തികൾ തമ്മിൽ പരസ്പരം സന്ദേശങ്ങൾ കൈമാറുകയോ മാത്രമല്ല, കാണാമറയത്തുള്ള പരിചിതരെയും അപരിചിതരെയും കാണാനും ഇടപഴകാനും സംവദിക്കാനുമുള്ള സാഹചര്യം ഇന്റർനെ റ്റിലൂടെ തുറന്ന് കിടക്കുന്നു. ദിനംതോറും പുതിയ പുതിയ മാറ്റങ്ങളെ സ്വാഗതം ചെയ്യുന്നതും പുതിയ സാങ്കേതികത ആവശ്യപ്പെടുകയും ചെയ്യുന്ന ഇന്റർനെറ്റിന്റ്റെ പുതിയ ലോകം മനുഷ്യമനസ്സിനെ വിലക്കെ ടുക്കുന്നതാണ്. ഒരു ചൂണ്ടുവിരൽത്തുമ്പിൽ ലോകത്തെ നിയന്ത്രിക്കാ നുതകുന്ന സംവിധാനമായി അത് മാറിയിരിക്കുന്നു. കുട്ടികൾ മുതൽ മുതിർന്നവരെ വരെ പ്രായഭേദമന്യേ ദേശഭേദമന്യേ തൊഴിൽഭേദമന്യേ ആശ്രയിക്കുന്ന ഒരു വ്യവസായമായി അതിൻറെ ശൃംഖലകൾ ഇന്ന് വിപുലപ്പെട്ടുവരികയാണ്.

ഇന്റർനെറ്റ് മനുഷ്യനിൽ എത്രത്തോളം സ്വാധീനം ചെലു ത്തിയോ അതുപോലെ അതിൻറെ പ്രസരണം സാഹിത്യത്തിലും ദൃശ്യ മാകാതെ വയ്യല്ലോ. സൈബർസ്പെയ്സിനെ മലയാള നോവൽ സാഹ ചര്യം പരിചയപ്പെട്ടത് എം. മുകുന്ദൻറെ 'നൃത്ത'ത്തിലൂടെയാണ്.

2000-ൽ പ്രസിദ്ധപ്പെടുത്തിയ ഈ നോവൽ വ്യത്യസരചനാ ക്കശൈലിയിലൂടെ നൂതനസാങ്കേതിക വിദ്യയുടെ ലോകത്തെ വായന ക്കാരനു മുന്നിൽ തുറന്നുകാട്ടുന്നു. നോവലിലുടനീളം ഇന്റർനെറ്റിന്റെ സാന്നിദ്ധ്യം ഉളവാകുന്നു. ഇന്റർനെറ്റിൻറെ ഉപയോഗത്തെ മനസ്സിൽ ക്കാൻ ശ്രമിക്കുന്ന വായനക്കാരന് മുന്നിൽ ഇൻറർനെറ്റ് വലയത്തിന്റെ ലിഗയെ കുറിച്ചുള്ള ജ്ഞാനവും നോവൽ പകർന്നു തരുന്നു. നോവ ലിൻറെ പേര് സൂചിപ്പിക്കുന്നതുപോലെ നൃത്തവും നർത്തകരും തന്നെ യാണ് നോവലിലെ മുഖ്യപ്രമേയം. ഇൻറർനെറ്റിൽ വന്ന മെയിലിൽ രേഖപ്പെടുത്തിയ അനുഭവങ്ങളും സ്വീകർത്താവിന് ഈ സാങ്കേതികത നൽകുന്ന ടെൻഷനും അതിന്റെ സ്വീകാര്യതയുമടങ്ങുന്നതാണ് നോ ലിൻറെ ചട്ടക്കൂട്.

ശ്രീധരന് ലഭിച്ച പുതിയ മേൽവിലാസം. sreedharip @hot mail.com. ഇത്തരം ഇമെയിൽ വിലാസങ്ങൾ നൽകുന്ന വിശാലത തുറന്നു കാട്ടിയാണ് നോവൽ ആരംഭിക്കുന്നത്. ജങ്ക് മെയിൽ മാത്രം തേടിയെത്തുന്ന ശ്രീധരന്റെ ഇൻബോക്സിലേക്ക് മൂന്ന് മാസത്തിന് ശേഷം ഒരു മെയിൽ വരുന്നു. ഈ മെയിൽ ശ്രീധരനിൽ സൃഷ്ടി ക്കുന്ന ആകാംക്ഷയാണ് നോവൽ വായനക്കാരനിൽ ജനിപ്പിക്കുന്ന താലപര്യം. agni@aol.com എന്ന വിലാസത്തിൽ നിന്നാണ് ശ്രീധരന് മെയിൽ വന്നിരിക്കുന്നത്. ആരാണ് അഗ്നി, എവിടെയാണവൻ എന്ന തിനെ

കുറിച്ച് ശ്രീധരന് എത്രയാലോചിച്ചിട്ടും പിടികിട്ടുന്നില്ല. ഗ്രാനൊരു നർത്തകനും എയ്ഡ്സ് രോഗിയുമാണെന്ന് സ്വയം പരിച യപ്പെടുത്തികൊണ്ടാണ് അഗ്നി തൻ്റെ ജീവിതകഥ ശ്രീധനുമായി പങ്കു വെയ്ക്കുന്നത്. അഗ്നി ശ്രീധരനയച്ച മെയിലിൽ നിന്നാണ് അഗ്നിയുടെ ജീവിതം വായനക്കാരൻ മനസ്സിലാക്കുന്നത്.

ഈ നർത്തകന്റെ യഥാർത്ഥപേര് ബാലകൃഷ്ണൻ എന്നാണ്. നാട്ടിൻ പുറത്താണ് അവൻ ജനിച്ചു വളർന്നത്. ചെറുപ്പത്തിൽത്തന്നെ അച്ഛൻ അവനെ കളരിയിൽ ചേർത്തു. പരിശീലനത്തിലൂടെ മെയ് വഴക്കം സ്വായത്തമാക്കിയ ബാലകൃഷ്ണൻ തൻ്റെ ദേഹത്തെ ഒരു അത്ഭുതവസ്തുവായി കണ്ട് സംരക്ഷിക്കാൻ തുടങ്ങി. അങ്ങനെ തന്റെ കറുത്ത കരുത്തുറ്റ ശരീരത്തെ മറ്റെന്തിനേക്കാളും സ്നേഹിക്കാൻ അവൻ തീരുമാനിച്ചു. മികവുറ്റ അഭ്യാസപ്രകടനങ്ങളിലൂടെ പേശികൾ മുഴച്ചു വളർന്ന് ശരീരത്തിന് കാന്തിവന്നു തുടങ്ങി.

അങ്ങനെയിരിക്കെ ഒരു ദിവസം, കളരി പരിശീലനത്തിന് ശേഷം തളർന്ന് കിടക്കുന്ന ബാലകൃഷ്ണൻ തന്നെത്തന്നെ വിസ്മയ ത്തോടെ നോക്കിനിൽക്കുന്ന ഒരാളെ കണ്ടു. കേരളം കാണുവാനായി യൂറോപ്പിൽ നിന്നെത്തിയ പ്രശസ്ത നർത്തകൻ പാട്രിക് റോഡോൾഫ് ആയിരുന്നു അത്. നാളുകൾ കടന്നു. 'വയസ്സ് ഇരുപത്തിയഞ്ചായിട്ടും തിന്ന് മുടിക്കാനല്ലാതെ നാല് കാശ് സമ്പാദിക്കാൻ നിന്നെക്കൊണ്ടാവില്ലോ എന്ന് അച്ഛനിൽ നിന്ന് വഴക്ക് കേട്ടു. ഇനി ഈ നാട്ടിൽ തൊഴിലില്ലാതെ വീട്ടുകാരെ വിഷമിപ്പിച്ചുകൊണ്ട് നിൽക്കുന്നത് ശരി യല്ല എന്നവന് തോന്നി. അങ്ങനെ നിസംഗാവസ്ഥയിൽ നിൽക്കുമ്പോ ഴാണ് പാട്രിക്കിൻ്റെ ഒരു കത്ത് ബാലകൃഷ്ണനെ തേടിയെത്തുന്നത്. ബാലകൃഷ്ണനെ യൂറോപ്പിലേക്ക് ക്ഷണിച്ചുകൊണ്ടുള്ളതായിരുന്നു ആ കത്ത്, അങ്ങനെ തന്റെ കാമുകിയായ രാജിയോടും നാടിനോടും വിടപറഞ്ഞുകൊണ്ട് അയാൾ യൂറോപ്പിലേക്ക് പറന്നു.

അഗ്നിയുടെ ഈ സന്ദേശം വായിച്ചുകൊണ്ടിരിക്കെ ശ്രീധരന് ഒരു ടൂറിന് പോകേണ്ടതായി വന്നു. അഗ്നിയുടെ മെയിലുകൾ വായി ക്കാൻ സാധിക്കില്ലല്ലോ എന്ന് വിചാരിച്ച് ആ യാത്രയ്ക്ക് ശ്രീധരന് തീരെ താല്പര്യമുണ്ടായിരുന്നില്ല. അത്രത്തോളം ആകാംക്ഷാജനക മായിരുന്നു അഗ്നിയുടെ മെയിലിലെ ഓരോ വരികളും. 16വർഷങ്ങൾക്ക് മുമ്പ് യൂറോപ്പിലെത്തിയ അഗ്നിയുടെ അനുഭവങ്ങളാണ് പിന്നീടുള്ള മെയിലുകൾ.

യൂറോപ്പിലെ പ്രസിദ്ധമായ നൃത്തകമ്പനികളെയും നർത്തക രെയും പാട്രിക്കിന്റെ അനുമതിയോടെ പരിചയപ്പെട്ട ബാലകൃഷ്ണന് അവരുടെ നൃത്തം ഒരു നവ്യാനുഭവമായിരുന്നു. അതുപോലെ ബാല കൃഷ്ണന്റെ കളരിമുറകൾ യൂറോപ്യർക്ക് ഒരു അത്ഭുതം തന്നെയായി രുന്നു. നവനൃത്തകലയിൽ പരീക്ഷണങ്ങൾ നടത്തുന്ന വിവിധ കൊറി യോഗ്രാഫേർസുമായി ചേർന്ന് ബാലകൃഷ്ണൻ അവരുടെ വിദ്യകൾ പഠിച്ച് ഉയർന്ന നർത്തകനായി മാറി.

അഗ്നിയുടെ മെയിലുകളിൽ നൃത്തത്തെക്കുറിച്ച് മാത്രമല്ല. അവിടെ അയാൾ നയിച്ച ജീവിതത്തെക്കുറിച്ചും സൂചനയുണ്ട്. സ്ത്രീകൾ ഒരു ലഹരിയായിരുന്നു അവിടുത്തുകാർക്ക്,

ഓരോ നർത്ത കികളുടെയും സുഖം അനുഭവിക്കുമ്പോൾ ബാലകൃഷ്ണൻ തന്റെ കാമു കിയായിരുന്ന രാജിയെ കുറിച്ചോർക്കും. ബാലകൃഷ്ണൻ എന്ന പേര് അഗ്നിയായിമാറിയതെപ്പോഴാണ് എന്ന് അറിയാൻ ശ്രീധരൻ അഗ്നിക്ക് മെയിൽ അയച്ചുവെങ്കിലും അഗ്നി അത് ആദ്യം വെളിപ്പെടുത്തിയില്ല. അയാളുടെ നൃത്തത്തിന്റെ ഭംഗികണ്ട് പാടിക്ക് നൽകിയതായിരുന്നു അഗ്നി എന്ന പേര്.

നൃത്തകലയിൽ അഗ്നിക്ക് പിന്നീടുണ്ടായത് വളർച്ചയുടെ പട വുകളായിരുന്നു. അയാൾ യൂറോപ്പ് വിട്ട് അമേരിക്കയിലേക്ക് പറന്നു അവിടെയും അയാൾ തൻ്റെ വിസ്മയങ്ങൾ കാഴ്ചവെച്ച് പണം സമ്പാ ദിച്ചു. അതിനിടയിൽ, തന്നെ ഈ നിലയിലേക്ക് ഉയർത്തിയ പാടി ക്കിൻ്റെ മരണവാർത്ത അഗ്നിയെ തേടിയെത്തി. അയാൾക്ക് എയിഡ്സ യിരുന്നതിനാൽ ആത്മഹത്യചെയ്യുകയായിരുന്നു. പാടിക്കുമായി ശാരി രികബന്ധം പുലർത്തിപ്പോന്ന അഗ്നിക്കും എയിഡ്സ് ഉണ്ടാവുമെന്ന് തീർച്ചയാണ്. ആയതിനാൽ തന്നെ മറ്റുള്ളവർ നിർബന്ധിച്ചിട്ടുപോലും അഗ്നി ഒരു ടെസ്റ്റിനു പോലും തയ്യാറായില്ല. തനിക്ക് എയിഡ്സാ ണെന്ന് അഗ്നിക്കും ബോധം നന്നു തുടങ്ങി . എയിഡ്സ് വരുന്നതല്ല. നാമതിനെ വാങ്ങുന്നതാണ്. ഒരിക്കലും അത് നമ്മുടെ ശരീരത്തിൽ സ്വയം ഉണ്ടാകില്ല'. എന്ന അഗ്നിയുടെ വാക്കുകളിൽ നിന്ന് താൻ അതു വരെ നയിച്ച ജീവിതത്തെക്കുറിച്ചും യൂറോപ്യൻ സംസ്കാരത്തെ കുറിച്ചും ഉള്ള സൂചനകൾ നോവൽ തരുന്നു.

തനിക്ക് എല്ലാം നഷ്ടപ്പെട്ടു എന്ന് മനസ്സിലാക്കിയ അഗ്നി തന്റെ ജന്മനാട്ടിലേക്ക് തിരിച്ചെത്തുന്നു. നാട് ആകെ മാറിയിരിക്കുന്നു. കളരി യില്ല. അതിന്റെ സ്ഥാനത്ത് ഷോപ്പിംഗ് കോംപ്ലക്സുകൾ. വീട്ടിൽ അച്ഛൻ മരിച്ചിട്ട് വർഷങ്ങളായി. താൻ സ്നേഹിച്ച രാജി വിവാഹിതയായി. ഇവിടെയും അഗ്നിക്ക് സമാധാനമുണ്ടായില്ല. ഇനി ഈ ജന്മനാട്ടിലേക്ക് തിരിച്ചുവരുവാൻ ആയുസ്സ് അനുവദിക്കില്ല എന്ന വിങ്ങലോടെ അയാൾ വീണ്ടും തിരിച്ചുപോകാനുള്ള സന്നാഹത്തിലാണ്.

തന്റെ ജീവിതം ശ്രീധരനുമുന്നിലെ സ്ക്രീനിൽ നൃത്തം ചവി ട്ടുമ്പോൾ ശ്രീധരൻ എന്നോ ആവശ്യപ്പെട്ടതിൻ്റെ പ്രകാരം അഗ്നി തന്റെ ഒരു ഫോട്ടോ കൂടി അയച്ചുകൊടുക്കുന്നു. 'റ' തിരിച്ചുവച്ചപോലെ തോന്നിക്കുന്ന ആ ഫോട്ടോ ഹീ.... ഹീ.... എന്ന് തന്നെ ഉറച്ചശബ്ദ ത്തോടെ കളിയാക്കി ചിരിക്കുന്നതായി ശ്രീധരനു തോന്നുന്നു. അ ങ്ങനെ അഗ്നിയുടെ മെയിലുകൾക്ക് അവസാനമുണ്ടായതോടെ നോവൽ പര്യവസാനിക്കുന്നു.

സൈബർയുഗം നമ്മളെ പുതിയ മേൽവിലാസത്തിനുടമയാ ക്കുന്നു. ഈ ലോകത്തെ എത്തിപ്പിടിക്കാൻ പോന്ന വിലാസം എവിടെപ്പോയാലും മാറ്റങ്ങൾക്ക് വഴങ്ങാത്ത വിലാസം. നാടും വീടും വിട്ട് പോയാലും ഈമെയിൽ വിലാസം മാറ്റമില്ലാതെ തുടരുന്നു. നോവ ലിലെ അഗ്നി എന്നയാൾ എവിടെ നിന്നാണ് തനിക്ക് മെയിലയക്കുന്ന തെന്നോ, അയാളുടെ പേരിൽ മറ്റാരെങ്കിലുമാണോ. അനുഭവങ്ങൾ സത്യമാണോ എന്നൊന്നും തന്നെ ശ്രീധരൻ അറിയുന്നില്ല.

കത്തിടപാടുകളിലെ വിഷമതകൾ ഇ-മെയിൽ സംവിധാനം പരിഹരിക്കുന്നു എങ്കിലും

ഇതിൻ്റെ ചതിക്കുഴികൾ നോവൽ തുറന്നു കാട്ടുന്നുണ്ട്. നെറ്റിലെ പൗരന്മാർ പരസ്പരം അറിയാതെയാണ് ആശ യവിനിമയം നടത്തുന്നത്. ഒരാൾക്ക് തന്നെ പല മേൽവിലാസങ്ങൾ ഒരേ സമയത്തുണ്ടാകുന്നു. അത്തരത്തിൽ അഗ്നി എന്ന വിലാസക്കാ രൻ തന്നെ പറ്റിക്കുകയാണോ എന്ന സംശയം ശ്രീധരന് ആദ്യം മുതൽക്കു തന്നെയുണ്ട്. കുട്ടികളെപ്പോലും വഴിതെറ്റിക്കുന്ന ചില സൈറ്റുകളെക്കുറിച്ചുള്ള സൂചനയും നോവൽ നൽകുന്നു. നീലച്ചിത്ര ങ്ങൾ കാണുന്ന കുട്ടികളിൽ നിന്ന് പണം വാങ്ങി പണക്കാരനാവുന്ന ഇന്റർനെറ്റ് കഫേ ഉടമസ്ഥൻ്റെ ചിത്രം നോവൽ വരച്ചുകാട്ടുന്നു.

സൈബർ യുഗത്തിൽ മനുഷ്യൻ യന്ത്രങ്ങളെപ്പോലെയാണ്. അവന്റെ പ്രവർത്തനങ്ങൾ യാന്ത്രികമാണ്. കമ്പ്യൂട്ടറിനു മുന്നിലിരി ക്കുന്ന ശ്രീധരന്റെ ജീവിതം ഇന്ന് അത്തരത്തിലായി കഴിഞ്ഞു. കാഴ്ച ശക്തി നിലനിർത്താൻ വിറ്റാമിൻ എ, കഷണ്ടിവരാതിരിക്കാൻ വിറ്റാ മിൻ ഇ ഉത്തേജനം നിലനിർത്താൻ ജിൻസംഗ് രക്തത്തിന്റെ സാന്ദ്രത കുറയ്ക്കാൻ വേണ്ടി ആസ്പിരിൻ, എല്ലിൻ്റെയും പല്ലിൻ്റെയും ബല ത്തിനുവേണ്ടി കാത്സ്യം, അർബുദം തടയാൻ വേണ്ടി ബീറ്റാക്കരോ ട്ടിൻ- എന്നീ ഗുളികകളെ ആശ്രയിക്കുന്ന ശ്രീധരൻ, ഇതുകൂടാതെ തലച്ചോറിനെ വൃത്തിയാക്കിയെടുക്കുന്ന മാനസമിത്രം ഗുളിക വാങ്ങി കഴിക്കാൻ തീരുമാനിക്കുന്നതും അതുകൊണ്ടാണ്. കുട്ടിക്കാലം മുതൽ പല്ലുതേക്കാതെയും കുളിക്കാതെയും ഒരു തുള്ളി വെള്ളം കുടിക്കുക യില്ല എന്ന ശീലത്തോടെ വളർന്ന അയാൾ പ്രാതൽ കഴിഞ്ഞ് പല്ലു തേക്കുന്നു. കുളിക്കാതെ സ്പ്രേ ചെയ്ത് ആപ്പീസിൽ പോകുന്നു. കുളി ആവശ്യമില്ലെന്നും ശരീരം വൃത്തിയായി സൂക്ഷിച്ചാൽ മതിയെന്നുമുള്ള അയാളുടെ പരിഷ്കാരം ഇ-ലോകത്തിന്റേതാണ്.

ഇന്ന് ഭൂരിഭാഗം ജനങ്ങളും ഇ-ലോകത്തിലെ പൗരന്മാരായി രിക്കുന്നു. എല്ലാവർക്കും നാടും വീടുമെല്ലാം മാഞ്ഞുപോകുന്ന വിലാ സങ്ങളുണ്ട്. 'അപരിചിതരാ'യ 'സുഹൃത്ത്'ക്കളുണ്ട്, 'കാമുകി' മാരുണ്ട്. ഉറങ്ങിക്കിടക്കുന്ന വികാരങ്ങളെ ഉണർത്തി തൃപ്തിപ്പെടുത്തുന്ന നീല ച്ചിത്രങ്ങളുണ്ട്. ഇങ്ങനെ ഇ-ലോകത്തിൻ്റെ മാസ്മരികതകൾ അനവ ധിയാണ്.

ഇന്ന് വിവരസാങ്കേതികതയുടെ പുതിയ മേഖലകളെ പ്രമേയ മാക്കിക്കൊണ്ട് നിരവധി രചനകൾ ഉണ്ടാകുന്നുണ്ട്. അവയിൽ നില കൊള്ളുന്നത് പുതു ജീവിതത്തിൻ്റെ തുടിപ്പുകളും.

നീതു വി. വി.

# എന്നെ കാണാതായ കഥ

"അയ്യേ  പൊറോട്ട" . അപ്പോ.... നിനക്ക് പൊറോട്ട ഇഷ്ടമല്ലല്ലേ? വേണ്ട. ഞാൻ കഴിക്കാം. പപ്പു പറഞ്ഞു.  അത് .... പിന്നെ ... ഞാൻ" "അപ്പൊ നിനക്ക് വേണം" കൃത്യ സന്ദർഭങ്ങളിൽ ചാടി വീഴുന്ന കുട്ടനെത്തി. "ഹൊ, എന്റേത് ഞാൻ തിന്നോളാം .... ഞാൻ ഇതൊന്നും സാധാരണ തിന്നാറില്ല. അതുകൊണ്ടു പറഞ്ഞതാ ..." ഞാൻ ഒടുവിൽ തടിയൂരി. ഞങ്ങൾ ഒരു കൂട്ടം കുട്ടികൾ യാത്ര പോകുകയാണ്, മംഗലാപുരത്തെ 'പിലിക്കുള' യിലേക്ക്. ഞങ്ങടെ മാഷും വേറെ രണ്ട് ടീച്ചറും മാഷെ മകനും ഒപ്പമുണ്ട്.  കുട്ടനും പപ്പുവും എന്റെ കൂട്ടുകാരാണ്.  ഞങ്ങൾ ഒൻപതാം ക്ലാസ്സിലാണ് പഠിക്കുന്നത്; ക്ലാസ്സിലെ വികൃതി പിള്ളേർ.

ബസിന്റെ വേഗം കുറഞ്ഞു, മാഷ് പുറത്തേക്കിറങ്ങി ആരോടോ എന്തോ ചോദിച്ചു, തിരിച്ചു കയറി.  ചക്രങ്ങൾ വീണ്ടു നീങ്ങി. ഞങ്ങൾ 'ജീവശാസ്ത്ര പാർക്കിൽ' എത്തി.  ഞാനും ദേവും കുട്ടനും പപ്പുവും ഒന്നിച്ചായിരുന്നു യാത്ര.  മാഷുടെ മോനും ഉണ്ടായിരുന്നു. അരയന്നവും താറാവും മുങ്ങയും എലിയും പൂച്ചയും കുറുക്കനും എല്ലാം പലതരത്തിലുള്ളവ. പിന്നീടാണ് ഞാൻ പുലിയെ കണ്ടത്.  എന്തൊരു ഗാഭീര്യം. "ഏ.... കടുവേ ....."  കടുവ എന്നെ കാണാൻ ഞാൻ ഉച്ചതിരിൽ വിളിച്ചു. "ടാ ..... നീ എത്രാം ക്ലാസ്സിലാടാ പഠിക്കുന്നേ? നിനക്ക് വിവരമില്ലെടാ? .... എവിടെ പോയാലും ഒരച്ചടക്കം പാലിക്കണം. കടുവേന്ന് വിളിക്കാൻ നീയാരാ എൽ.കെ.ജി കുട്ട്യോ?" വെടിപൊട്ടുന്ന ചീത്തകൾ, മാഷെ മോനിൽ നിന്ന് ഞാനിതൊന്നും പ്രതീക്ഷിച്ചതല്ല. എനിക്ക്  വലിയ വിഷമം തോന്നി. വളരെ വിഷമിച്ചതിനാൽ നിലം നോക്കിയാണ് ഞാൻ നടന്നത്. എന്നെ നോക്കി നടന്ന ദേവും ഞാനും പാർക്കിൽ ഒറ്റപെട്ടു. കുറെ സമയം തിരയേണ്ടി വന്നു ഞങ്ങളെ കണ്ടു പിടിക്കാൻ മറ്റെന്തോ കാരണത്താൽ പലരും ഒറ്റപ്പെട്ടിട്ടുണ്ടായതുകൊണ്ടു ഞാൻ ശകാരമേൽക്കാതെ രക്ഷപെട്ടു. പിന്നീട് ഞാനൊരിക്കലും കൂട്ടം തെറ്റിച്ച് നടന്നിട്ടില്ല.

Hrishikesh
9E

# MUCH AWAITED FRIEND

My Friends !
Like shadows
When I come closer to each
They get away from me,
They sought me ,accepted my
Hospitality, for their Sake.
They went back accusing me.
There I stand alone in this
World, my ideas close to my heart.
I believe, every Sunset paves way
For the, next Sunrise.

_ MOHANAN.M

# അമ്മയുടെചൊല്ലുകൾ

ലിറ്റിൽ കൈറ്റ്സിൻ്റെ പ്രവർത്തകരായ കുട്ടികൾ കഴിഞ്ഞ നാളിൽ ഒരു ഉച്ച നേരത്ത് സ്റ്റാഫ്റൂമിൽ വന്ന് ഒരു ചോദ്യം. ടീച്ചറെ എന്തേലും ഒരെഴുത്ത് ഞങ്ങളുടെ ലിറ്റിൽ മാഗസിനിലേക്ക് തരാമോ എന്ന് .... തൊട്ടടുത്തിരിക്കുന്ന സുധടീച്ചറുമായി മിണ്ടീം പറഞ്ഞും നിൽക്കുന്നതിനിടയിലാണ് കുട്ടികളുടെ ചോദ്യം . ഓ അതിനെന്താ തരാലോ...എന്ന് ഞാൻ ..ഉടൻ സുധടീച്ചറും പറയുകയുണ്ടായി. മക്കളെ എനിക്ക് എഴുതി തരാനൊന്നും ആവില്ല . പക്ഷെ ൻ്റെ മനസിൽ കുറേ പഴയ ചൊല്ലുകളുണ്ട്..ൻ്റെ അമ്മ പല സന്ദർഭങ്ങളിൽ പറഞ്ഞു കേട്ടതും മറഞ്ഞുപോയതും ഉറച്ചതും ബാക്കിയായതുമായ ചൊല്ലുകൾ. അതെല്ലാം വേണേങ്കിൽ ഞാൻ പറഞ്ഞു തരാം.. കുട്ടികൾ എന്നെയും ടീച്ചറെയും മാറി മാറി നോക്കി.

പെട്ടെന്ന് എന്തോ അമ്മയുടെ ഓർമകളിലൂടെ പോയത് കൊണ്ടോ എന്നറിയില്ല സുധടീച്ചർ നിശബ്ദയായ പോലെ. ആ മൗനം എന്നെ ഒന്ന്  ചിന്തിപ്പിച്ചു. കുട്ടികളോട് ഓ തരാട്ടോ എന്തേലുമൊക്കെ – എന്ന വാക്കും നൽകി പറഞ്ഞു വിട്ടു...ബാക്കിയായ ചിന്തയിലൂടെ ഞാനൊന്ന് കൂടി നടന്നു നോക്കി. മധുസൂദനൻ നായരുടെ അമ്മയുടെ എഴുത്തുകൾ എന്ന കവിത വീണ്ടും ഓർത്ത് പോയി. സുധടീച്ചറുടെ അടുത്തേക്ക് നീങ്ങി നിന്ന് ചോദിച്ചു. അമ്മ പറയാറുള്ള ചൊല്ലുകൾ എന്തൊക്കെയെന്ന് ഞാനും കേൾക്കട്ടെ ... ദാ പിടിച്ചോ എന്ന മട്ടിൽ അമ്മയുടെ  പഴമൊഴി പത്തായം ടീച്ചറങ്ങ് തുറന്നു വെച്ചു. ...കേട്ട മൊഴികളേക്കാളേറെ കേൾക്കാത്തതും ഇമ്പമുള്ളതുമായ ചൊല്ലുകൾക്ക് അവിടെ നിന്നു തന്നെ അമ്മ മണം തികട്ടി വരുന്നുണ്ടായിരുന്നു. ആവേശത്തോടെ സുധടീച്ചർ തുടർന്നു കൂടെ സമ്പാദകയായി ഞാനും...

സുധടീച്ചറുമായി പല കുറി സംസാരിക്കുന്നതിനിടെ അമ്മയെ കുറിച്ച് പറഞ്ഞ പല കാര്യങ്ങളും എൻ്റെ വിചാരങ്ങളിൽ നിറഞ്ഞു തുടങ്ങി. ഓർമകൾക്ക് മുറിവേറ്റ തൻ്റെ വർത്തമാന കാല ജീവിതത്തോട് സമരം ചെയ്യുന്ന ആ അമ്മ ദാ ഇങ്ങനെ ഇവിടെ അടയാള പ്പെടട്ടെ എന്ന് ഞാൻ ഉറപ്പിച്ചു...

പൂർവ്വികരുടെ സർഗ ബോധത്തിൽ നിന്നും അറിയാതെ ബോധ – ഉപബോധ മനസിൻ്റെ ഭാഗമായും  പിറവികൊണ്ട അനുഭവസ്ഥലികളാണ് പഴമൊഴികൾ. പണ്ടുള്ളവർ എന്ത് പറഞ്ഞാലും അതിനും മുമ്പും പിമ്പുമായി കോർത്തു വെക്കാൻ അവരുടെ കയ്യി ലുണ്ടായിരുന്ന ഒരു പിടി  മൊഴി ചൊല്ലുകൾ. ഇവിടെ ഈ അമ്മയും പറഞ്ഞവ  അമ്മയുടെ തന്നെ മകളിലൂടെ എൻ്റെ തൂലികയെ ഇവിടെ ചലനമുള്ളതാക്കിത്തീർക്കുകയാണ്..

സുധയും അമ്മയും തമ്മിലുള്ള വർത്തമാനങ്ങളുടെ  ഇടയിലാണ് പുട്ടിന് തേങ്ങയെന്ന പോലെ ഏറെയും പഴയ ചൊല്ലുകളുടെ പ്രവാഹമുണ്ടാകാറെന്ന് ടീച്ചർ പറയുമ്പോൾ ആ കാലം ഇവിടെ എൻ്റെ എഴുത്തിനെ  ബലപ്പെടുത്തുകയാണ്

സുധ മെല്ലെ ഓർമക്കയങ്ങളിലേക്ക് വഴുതി വീഴുകയായിരുന്നു ! ഓർമയുടെ നൂലിഴ അങ്ങ് പത്ത് വയസുകാരിയിലേക്ക് സുധയെ കൊണ്ടെത്തിക്കുകയാണ്.
ഒരു ദിവസം.
അവിടെയെവിടെയോ വേണ്ടാതെ കിടന്ന എന്തോ ഒരു സാധനം സുധ കയ്യിലെടുത്തപ്പോൾ അവളുടെ ആങ്ങളക്കും അത് വേണമെന്നായി. "തൊടങ്ങി രണ്ടും കൂടി. എത്ര നാളായി അതവിടെ കിടക്കണു.. ആർക്കും വേണ്ട. ഇപ്പൊ അവളതൊന്ന് എടുക്കുമ്പഴേക്ക് തുടങ്ങിയോ കുട്ടാ നീ.അമ്മ അവിടം കൊണ്ട് നിർത്താതെ ഇങ്ങനെ കൂടി പറഞ്ഞു വെച്ചു. കാട്ട് കിടക്കുമ്പോ പുളിമാങ്ങ ആച്ചി എടുത്ത തേൻമാങ്ങ ! വെറുതെ പറഞ്ഞ പാഴ് വാക്കല്ലത്. വീട്ടിൽ ഏതെങ്കിലും ഒരു സാധനം വെറുതെ കിടന്നാൽ ആർക്കും വേണ്ട ആരാനെങ്കിലും അതൊന്ന് എടുക്കുമ്പഴേക്ക് വലിയ കാര്യമായി. കാട്ടിലുള്ളപ്പോൾ പുളിച്ച മാങ്ങ പിന്നങ്ങ് മധുരമുള്ളതാകും. എല്ലാ കാര്യത്തിലും ഈ അവസ്ഥ കാണാറുണ്ട്. സാന്ദർഭികമായി പറയുന്ന മൊഴികളുടെ അർഥതലം ഒന്നിരുത്തി ആലോചിക്കുമ്പോ എത്ര വലുതാണ്. പ്രായ ഭേദമന്യേ ആരിലേക്കും ചിന്തയുടെ കിരണം ഉതിർക്കുന്ന ഇത്തരം ചൊല്ലുകൾ എത്ര കൃത്യമായാണ് പഴമക്കാർ ആവിഷ്കരിച്ചത് '

അടുക്കളേല് നെയ്യപ്പം ചുട്ടുകൊണ്ടിരിക്കുകയായിരുന്നു സുധേടെ അമ്മ ' അച്ഛൻ ഓരോന്നായി രുചി നോക്കി അഭിപ്രായോം പറയുന്നു. മക്കളാണെങ്കിൽ ഇടതടവില്ലാതെ ഓരോന്നായി എടുക്കാൻ ധൃതി കൂട്ടുകയാണ്. അങ്ങോട്ടും ഇങ്ങോട്ടും കല പില നെയ്യപ്പ മെല്ലാം നിലത്ത് ! ആകെ കഷ്ടായി. അമ്മ ഒച്ചയെടുത്തു. പണ്ടാരോ പറഞ്ഞിട്ട്ണ്ടപ്പ കുഞ്ഞള നൊണ്ണ് കാണിക്കറ് ഈച്ചേനെ പൂണ്ണ് കാണിക്കറ് എന്ന് വാസ്തവം!ശരിയല്ലേ !

ഒരു കൊക്ക കെട്ടി മുറ്റത്തെ പുളിമരത്തിന്മേലിൽ നിന്ന് പുളി പറിക്കുകയായിരുന്നു സുധേടെ അമ്മ ' വീഴുന്ന പുളിയൊക്കെ സുധ പെറുക്കി കൊട്ടയിലുമാക്കുന്നു അപ്പഴാണ്.അപ്രത്തെ വീട്ടിലെ ശാന്തേട്ടി വന്നത്. എന്താന്ന് അമ്മേം മോളും പറിക്ക്ന്ന് ' അതെന്ന് ! പുളിയാ. അമ്മ കയ്യിലെ കൊക്ക അപ്പത്തന്നെ അവിടെ ഇട്ട് ശാന്തേട്ടിയെ തുറിച്ച് നോക്കി ഇങ്ങനെ പറഞ്ഞു. കൊങ്ങനം വളഞ്ഞതും എന്താരോ പണ്ട് വിറ്റിറ്റ് ഉണ്ടാരോ 'ശാന്തേട്ടി വേഗം സ്ഥലംവിട്ടു.
കൊങ്ങനം വളഞ്ഞത് പുളിയാണേ.. സുധ അമ്മയെ നോക്കി നിക്കണത് കണ്ടപ്പോ അമ്മ പഴമൊഴി വിശദമാക്കി. പണ്ട് ശാന്ത ഇത് പറിച്ച് വിറ്റിട്ടാണ് ജീവിച്ചത്. ഇപ്പോ അവളുടെ ഗമ നോക്ക്. കാലത്തിൻ്റെ പോക്ക്. അമ്മയുടെ പഴമൊഴി പത്തായം കേട്ട് സുധ ചിരിച്ചു. പുളി നുണഞ്ഞ് കൊണ്ട് തന്നെ! സമ്പത്ത് കൂടുമ്പോൾ ആളുകള് വന്ന വഴി മറക്കും എന്ന വാസ്തവം ഇവിടെ ചിന്തിക്കാതിരിക്കരുതേ.
സന്ധ്യക്ക് പീടിയേന്ന് വന്ന നേരം അടുക്കളേല് നിക്കുന്ന അമ്മയോട് അച്ഛൻ നാട്ടിലെ ഒരു പ്രശ്നത്തെക്കുറിച്ച് പറേന്ന് കേട്ട് സുധ മെല്ലെ അമ്മേടെ അടുത്തേക്ക് പോയി ചാരി നിന്നു. അടുത്ത പഴഞ്ചൊല്ല് എന്താവും അമ്മ പറയാന്ന് നോക്കട്ടെ ഇത്രേം ചൊല്ലുകൾ ഈ അമ്മക്കിത് എവിടുന്ന ...... സുധ ആലോചിച്ച് തീരും മുമ്പ് അമ്മ വായിൽ നിന്ന് മുത്തുകൾ വീണുകഴിഞ്ഞു. ഈ നാട്ട് കാർക്കിത് എന്തിൻ്റെ കേടാണ്. എല്ലാം അവസാനിച്ചതല്ലേ..

കുലോത്തെ രണ്ട് കുട്ടോരും തമ്മിൽ ല്ലാം പറഞ്ഞ് നേരെയായി വരുമ്പഴാണ്. വീണ്ടും! പണ്ടാരങ്ങാൻ പറഞ്ഞത് പോലെ അങ്കുല്ലേങ്കില് ആലിന്റെ വേര് കൊളക്കല് തന്നെ. ഉം! കേട്ടുകൊണ്ടിരിക്കുന്ന അച്ഛൻ ഒന്നിരുത്തി മൂളി. സുധക്കാണെങ്കിൽ മനസിൽ അമ്മയെ ഓർത്ത് തെല്ലഭിമാനോം 'ഇന്നലെ വാസുമാഷ് മലയാളം ക്ലാസിൽ പഴഞ്ചൊല്ലുകളെ കുറിച്ചാണ് ക്ലാസെടുത്തത്. കുട്ടികളെ ' നിങ്ങടെ അമ്മയും അച്ഛച്ഛനും മുത്തശിയുമൊക്കെ വർത്തമാനം പറയുന്നതിനിടെ ഇങ്ങനെ അനേകം ചൊല്ലുകൾ ചേർത്ത് പറയാറുണ്ടല്ലോ. ഞാൻ ചാടിയെഴുന്നേറ്റ് പറഞ്ഞു. മാഷേ എന്റെ അമ്മ കൊറേ പറയാറുണ്ട്! മാഷ് ആഹാ എന്നു കൂടി പറഞ്ഞതോടെ എനിക്കെന്തോ അമ്മയെ അപ്പത്തന്നെ കാണണമെന്നു തോന്നാതിരുന്നില്ല.

അമ്മക്കിതൊക്കെ എവ്ട്ന്ന് കിട്ടി എന്ന ചിന്ത വൈകിട്ട് വന്ന ഉടനെ അമ്മയോട് പങ്കു വെച്ചപ്പം തെല്ല് ചിരിയോടെ അമ്മ മോളേ സുധേ ഇതൊക്കെ നിന്റെ മുത്തശി പറേണത് കേട്ടിട്ട ഞാനും.. വേറെ എവിട്ന്ന് കിട്ടാനാ!പോയില്ലേ പറയാനിനിയും ബാക്കിയാക്കി പാവം! അമ്മയുടെ മുഖത്ത് സങ്കടം നിറഞ്ഞു. എനിക്കും! കണ്ണ് പറച്ച് പുണ്ണിലും പുണ്ണ് പറച്ച് കണ്ണിലും വെച്ചിട്ട എന്നേം ആങ്ങളേം പാവം പോറ്റിയത്. ദാ! അമ്മ അവിടെയും ഒരു ചൊല്ല് കൊണ്ട് പൂരിപ്പിച്ചപ്പോ മുത്തശിയിൽ നിന്നും കേട്ടറിഞ്ഞ് ഇപ്പഴും പറയും പോലെ വലുതാവുമ്പോ എനിക്കും പറയാനാവും എന്ന് ആലോചിച്ചു കൊണ്ട് അവിടുനിന്നും പോയി.

ഒരൂസം ഉസ്കൂള് വിട്ട് വരുന്ന സുധ കണ്ടത് അലക്ക് കല്ലിന് ചുറ്റും നിറഞ്ഞ തുണിക്കൂട്ടങ്ങൾക്കിടയിൽ അമ്മ നിന്ന് പൊരിയുന്ന കാഴ്ചയാണ്. പിന്നൊന്നും നോക്കില നേരെ പോയി യൂണിഫോം അഴിച്ച് അമ്മയുടെ അരികെ എത്തി കുഞ്ഞു വായിൽ പറഞ്ഞു. അമ്മേ ഏതായാലും അമ്മ അലക്കുവല്ലേ. ദാ ഇത് കൂടി പിടിച്ചോ '!

ഉടൻ വന്നു മറുപടി 'ഏതായാലും ഓടം മാടായിക്കാന്ന് എന്നാ പിന്ന ഒരു കെട്ട് ഒലേം ഇട്ടോ എന്ന് പറഞ്ഞ പോലായീലോ കാര്യങ്ങൾ!

അമ്മയുടെ നിത്യമായ ഉപദേശം എല്ലാവരും സ്വന്തം കാര്യങ്ങൾ ഒറ്റക്ക് തന്നെ ചെയ്ത് ശീലാവണന്നാ! മറ്റൊരാള് ചെയ്യുന്നതിന് ഏച്ച് കൂട്ടി കാര്യങ്ങൾ നിർവ്വഹിക്കുന്നത് അത്ര ശരിയായ ഏർപ്പാടല്ല എന്ന് സുധ മനസിലാക്കി. വാസു മാഷ് പറഞ്ഞപോലെ കൈ നനയാതെ മീൻ പിടിക്കണ പരിപാടി ഞാനിനി നിർത്തിയെന്നവൾ സ്വയം ഉറപ്പിച്ചു........

ഇങ്ങനെ സന്ദർഭങ്ങളെ ബലപ്പെടുത്താൻ അമ്മ പറയാറുള്ള ചൊല്ലുകൾക്ക് അതിരുകളില്ലായിരുന്നു. മിണ്ട്യോൻ പ്ലാവില എടുക്കേണ്ടി വരും,ഓടിട്ട വീട്ടില് പുരുവൻ വന്ന നേരത്ത് കട്ടക്കോയി എടുത്ത് കാക്കിട്ടു, ഉടുക്കാനില്ലാഞ്ഞിട്ട് പട്ടുടുക്കൽ, വറ്റും കൈയ്യ് കൊണ്ട് കോയീന പായ്ക്കല്ലേ, അങ്ങാടിപ്പശു ആലേല് നിക്കുല, മൂലക്കില്ല മൗ എടുത്ത് കാക്കിട്ടു,........ ഇങ്ങനെ എത്രയെത്ര ചൊല്ലുകളാണ് അമ്മ സന്ദർഭങ്ങളെ പൂരിപ്പിക്കാനും ഉറപ്പിക്കാനുമായി പറയാറുള്ളത്.

ഇന്ന് സുധ അമ്മയോളം വളർന്നപ്പോ ആ പഴയ കാലത്തിന്റെ ഓർമകളിലൂടെ ഒന്ന് യാത്ര തിരിച്ചു. ഓർമയുടെ ഞരമ്പുകൾക്ക് മുറിവേറ്റ അമ്മ ഇപ്പോൾ ചൊല്ലുകൾ പറയുന്നത് അപൂർവ്വമല്ലേ എന്നവൾ ഓർത്തു. അമ്മ പറഞ്ഞ ചൊല്ലുകൾ തുടിക്കുന്ന ആ അമ്മക്കാലത്തെ തന്റെ മുന്നിലേക്കെത്തിച്ച നിമിഷത്തെ ഓർത്ത് ആശ്വസിച്ച സുധ ചിലത് മാത്രം ഇങ്ങനെ കോറിയിട്ടു' അമ്മയോളമെത്താനാവില്ലെങ്കിലും ഇടക്കിടെ വീട്ടിലും വിദ്യാലയത്തിലും അമ്മച്ചൊല്ലുകൾക്ക് സംസാരത്തിനിടെ ജീവൻ നൽകാൻ സുധക്ക് സാധിക്കുന്നു...

അമ്മച്ചൊല്ലുകൾ വെറും പാഴ്ച്ചൊല്ലുകളല്ലെന്ന്  തന്നെപ്പോലെ തൻ്റെ മക്കൾ ചിന്തിക്കുമോ എന്ന ആശങ്കയും പേറി സുധ തിരക്കുകളിലേക്ക് ചേക്കേറി.

ശരിയല്ലേ സുധയുടെ അമ്മയെപ്പോലെ എത്രയെത്ര മനുഷ്യരാണ് പഴമയുടെ കലവറകൾക്ക് കാവൽക്കാരായി നമുക്ക് ചുറ്റിലുമുള്ളത്. കേവലം വാക്കുകൾക്കൊപ്പം പാഴ് വാക്കുകളായി അവർക്കൊപ്പം ഇത്തരം മൊഴികളും അസ്തമിക്കുന്നതിലെ തീരാനഷ്ടം നമുക്കാണെന്ന യാഥാർഥ്യം നാമറിയാതെ പോകരുത്. പഴമൊഴികൾ യുക്തിഭദ്രമല്ല എന്ന വാദങ്ങൾ തിരുത്തപ്പെടേണ്ടതല്ലേ. മൊഴിയറിവുകൾ വലിയ പാഠങ്ങളാണ്. പാഠഭേദങ്ങളാണ്. പഴമൊഴിപ്പത്തായങ്ങൾ തുറക്കപ്പെടേണ്ടതുണ്ട്. വരും കാലത്തിലേക്കായി വിതറാൻ അതിൽ ചിലത് നിറച്ചു വെച്ചിട്ടുണ്ട്.

ഡോ.സോനഭാസ്കരൻ

# *നേർവഴി*

വഴി വളഞ്ഞതാണെളുപ്പം
വഴികൾ തേടിയലയുമ്പോൾ
നേരെ , ഇടത്ത്, വലത്ത്
വേണ്ടേ വേണ്ട
നേർവഴി കല്ലുംമുള്ളുമാണ്
ചെന്നെത്താൻ ഇത്തിരി പാടുണ്ട്
ഇടത്തും വലത്തും
ഇരുൾ മൂടലുകൾ
നിറം മങ്ങിയ
കാണാക്കയങ്ങൾ
മതി ....വളഞ്ഞ വഴിയാണ് എളുപ്പം.

കവിത – ശ്രീന പി വി

# തിരിച്ചറിവ്

ഇതുവരെ യാത്രചെയ്തവരിൽ
ആരുടെ വഴിയാണ് ശരി?
വഴിവിട്ടവരുടെ വഴിയാണോ ശരി?
ബുദ്ധന്റെയും ജൈനന്റെയും വഴിയാണോ ശരി?
അലക്സാണ്ടറുടെയും നെപ്പോളിയന്റെയും വഴിയാണോ ശരി?
മാർക്സും എംഗൽസും കാണിച്ച വഴിയാണോ ശരി?
ജോണിന്റെയും അയ്യപ്പന്റെയും വഴിയാണോ ശരി?
ഹിറ്റ്ലറുടെയും മുസ്സോളിനിയുടെയും വഴിയാണോ ശരി?
ഒരുവഴിയും ശരിയല്ല........
എന്റെ വഴിയാണ് ശരിയെന്ന്
ഞാൻ തിരിച്ചറിഞ്ഞ നിമിഷത്തിൽ
തിരശ്ശീല വീഴുന്ന ജീവിതം

-വരധരാജൻ.കെ

# അഡിക്റ്റഡ്

സായാഹ്ന നടത്തത്തിന് കൂടെ വരുന്ന റിട്ടയേഡ് അധ്യാപകനായ വാസുമാഷെ കാണാത്തതിൻ്റെ വിഷമത്തിലാണ് കൂടെ നടക്കുന്ന ഖാദറിക്ക വാസു മാഷുടെ വീട്ടിലേക്ക് നടന്നത്. രണ്ട് ദിവസായി ഓൺലൈനിലും കാണാനില്ല . എന്തുപറ്റി എന്നറിയണമല്ലോഗേറ്റ് തുറക്കുന്ന ശബ്ദം  കേട്ടപ്പഴേ ശാരദ ടീച്ചർ ഓടി വന്നു. എവിടെ വാസൂന്ന് ചോദിച്ചപ്പഴേ ടീച്ചർ കരയാൻ തുടങ്ങി... എൻ്റെ ഇക്കാ ഓറെക്കൊണ്ട് ഞാൻ തോറ്റു . ഇത്ര കാലത്ത് ഇല്ലാത്ത സൂക്കേടല്ലേ ഇപ്പോ... ഇരുപത്തിനാലു മണിക്കൂറും ഫോണും പിടിച്ചല്ലേ നടപ്പ് ... മുകളിലെ മുറീന്ന് ഇറങ്ങല്ണ്ടാ ചോറും വേണ്ടാ ചായേം വേണ്ടാ... എന്നോടൊന്ന് മിണ്ടിയിറ്റ് എത്രയായി. ഫോണിലല്ലെ എല്ലാം മോനോട് ഞാനപ്പഴേ പറഞ്ഞിന് ബെല്ല്യേ ഫോണൊന്നും വാങ്ങിക്കൊടുക്കണ്ടാന്ന്.   ഇതിപ്പോ ആരോടാന്നറിയില്ല എന്താണ് എന്ന്എനിക്കറിയില്ല.                                    ഒരീസം രാത്രി ഞാൻ ഞെട്ടി അറിയുമ്പോഴേക്ക് മൂപ്പരെ കാണാനില്ല മെല്ലെ എണീറ്റ് നോക്കിയപ്പോ മുകളിലെ മുറീന്ന് ഫോണില്തോണ്ടണ്ന്ന്   . ദേഷ്യം വന്ന് ഞാൻ ഫോണെടുത്ത് കിണറ്റിലിട്ടതാ... എന്ത് കാര്യം.. പെൻഷൻ പണത്തിന് പുതിയത് വാങ്ങി... സൂക്കേട് നിർത്തീറ്റ.  എനിക്ക് ഒന്നും അറീല നിങ്ങ ചോദിക്ക് ഈ വയസാൻ കാലത്ത് ഞാനേട പോണ്ടത്.

ടീച്ചർ ഒറ്റ ശ്വാസത്തിൽ പറഞ്ഞ് നിർത്തി. ഖാദർ പതിയെ വീട്ടിൽ കയറി മുകളിലേക്ക് നടന്നു. വാതിൽ അടച്ചിട്ടുണ്ട് . മുട്ടിനോക്കി തുറക്കുന്നില്ല കുറേ കാത്തുനിന്നു. ഒടുവിൽ കനത്ത ശബ്ദത്തിൽ "വാസൂ "ന്ന് വിളിച്ചു.  വാതിൽതുറന്നില്ല കാത്തുനിന്നു ..പതിയെ വാസു പുറത്തേക്ക് വന്നു. കൈയിൽ ഫോണില്ല.മുറിയിലേക്ക് കയറി കൂടെ വാസുവും . കിടക്കക്കടിയിൽ നിന്ന് ഫോൺ തപ്പി എടുത്തു  .. ഫോണിൽ ഓൺലൈനിൽ ആരോ സംസാരിക്കുന്നു... ഖാദർ വാസുവിൻ്റെ മുഖത്തേക്ക് നോക്കി. അവനാകെ ഐസായി നിൽപ്പാണ്. ഫോണിൽ ആകെ ബഹളം . ആരാന്ന് വാസുവിനോട്

വിനയൻ

# FIRE

“Ahh, Finally” the girl said relived that she finally lit the fire She sat down sighing, trying not to think about the recent events, she tried to think about the fire infront of her instead.
She smiled as the warmness spread through her body. Hugging her knees, she sat quietly with he tear stained cheeks, admiring how the flames are lit
her thoughts by a young man, who was about her age.
“How many times do i need to tell you Eric. To not call me ‘miss’. I literally have a name, Violet Collins, incase you forgot. She slightly scolded the boy as he sat down beside her
“sorry mi- I mean Violet” the boy apologised scraping his nape.
“juts don’t call me miss again, you’re making me feel old” she said trying to smile to which Eric replied with a small laugh.
“anyway, you seem to have been lost in thoughts, what was in your mind?” Eric asked
Violet looked back at the fire and smile. “don’t you think that fire helps us in so many ways?” she asked admiring the fire again

Eric silently thought for a moment, both of their eyes on the fire
“i don’t know Violet, if we think about it deeply. The devil was made of fire- i don’t think i like fire Violet” Eric answered honestly
“But doesn’t it help us in many ways like... right now?” said violet as in a way of defending .
“Almost all accident happen with fire..” Eric said getting serious
“if fire wasn’t found, human wouldn’t exist cause everyone would’ve died when winter season comes”. She reasoned “My grandma died in a house fire” he said sternly.
“and we would have froze to death right now if it wasn’t for fire.” Violet said. Both of them glared at each other.

“.... if it wasn’t for fire our loved ones would still be here with us. They would be sitting beside us patiently for help to arrive, JUST LIKE US. If it was just a plane crash at least some of .... some

of them would have survived, BUT THE FIRE GOT IN THE WAY" Eric bursted into tears, his voice raising by each sentence.

violet's eyes glistened with tears, as the memories she was trying to erase came back to her again. The moment replayed in her mind

Yes, they were survivors of a plane crash, both of their family was boarded on the plane. No one even expected a tragic like would have happen. None of them knew what actually happened as the engine suddenly crashed and lit on fire. Somehow only seven of them made out.

They were all young and scared,

stuck in a dense forest for almost a week. Even though the food was available, they weren't able to eat thinking of the people they lost.

Only seven out of ninety three people survived. Only seven.

Eric slowly pulled Violet to his embrace. He patted her back, as he too cried in her arm.

"let's go, its getting late, the others are already asleep" said Eric. Too tired to even talk Violet just nodded and got up with the help of Eric

The girl silently gazed at the stars as she counted them trying to make herself sleep.

She hoped, she silently hoped that someone would find them, atleast she could hold a funeral for her family.

She smiled widely as there were loud cheering and clapping from the millions of people who heard her sing her own song. Fire

She got off the stage with three of her earned trophies on hand. The girl sat down on her seat while she gave her trophies to her manager

"Vii! You were amazing out there."

"wellll you did compose the music and the lyrics" said violet with it's-also-your-fault tone.

“But your voice-”

“Oh. Stop it”

she cut him off smiled

“we did it...... we did it Violet”

- THE END -

BY FATHIMA ZUHRA


ഗവ: ഹയർ സെക്കന്ററി സ്കൂൾ